കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

**www.lfa.kerala.gov.in**

# പാങ്ങോട് ഗ്രാമപഞ്ചായത്ത്.

ഓഡിറ്റ് റിപ്പോർട്ട്

**2017-18**

ജില്ലാ ഓഡിറ്റ് കാര്യാലയം,
തിരുവനന്തപുരം.

***e-mail:lfadtvm@yahoo.in***
***dotvm.ksad@kerala.gov.in***

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ടു സഹിതം)

നം.കെ.എസ്.എ.റ്റി.വി.എം.ജി.പി. **10/2330/2018**

കേരളാ സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം.

ഫോൺ 0471-2331231
e-mail- lfadtvm@yahoo.in
dotvm.ksad@kerala.gov.in

തീയതി : 20.10.2018

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന),
പാങ്ങോട് ഗ്രാമപഞ്ചായത്ത്.

സർ,

വിഷയം :- പാങ്ങോട് ഗ്രാമപഞ്ചായത്ത് -2017-18 സാമ്പത്തിക വർഷത്തിലെ ഓഡിറ്റ് റിപ്പോർട്ട് -സംബന്ധിച്ച്

*******************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പാങ്ങോട്ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 3ലെ 3-3,3-4 എന്നീ ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഒപ്പ്

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ,തിരുവനന്തപുരം

3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.റ്റി.വി.എം. ജി.പി.**10/2330/2018**

തീയതി **20.10.2018**

# തിരുവനന്തപുരം ജില്ലയിലെ പാങ്ങോട് ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

*(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)*

തിരുവനന്തപുരം ജില്ലയിലെ പാങ്ങോട് ഗ്രാമപഞ്ചായത്തിന്റെ **2017-18** സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക

ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 31.03.2018 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു. ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

| | |
|---|---|
| ഓഡിറ്റ് നടത്തുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേരും ഉദ്യോഗപ്പേരും | ശ്രീ. സാജൻലാൽ.എസ്.ജെ<br>ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം | അനുബന്ധം 1 ആയി ഉൾപ്പെടുത്തിയിട്ടുണ്ട് |

ഓഡിറ്റ് നടത്തിയതിന്റെ വിവരം

| ഓഡിറ്റിന് വിനിയോഗിച്ച സമയം | ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെ പേര് വിവരം |
|---|---|
| 22.09.2018 മുതൽ 29.09.2018 വരെ | ശ്രീ. ജി.സജികുമാർ.<br>ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ ) |
| | ശ്രീമതി ശാലിനി.വി.കെ,<br>സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീ. പ്രകാശ് കൃഷ്ണൻ,<br>സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീ. വിനുകുമാർ.പി.കെ,<br>ഓഡിറ്റർ |
| | ശ്രീ. അരുൺ ദേവ് .വി.ആർ<br>ഓഡിറ്റർ |

**(1)** നിർവ്വഹണാധികാരികളുടെ വിവരങ്ങൾ

| | പേര്,<br>മേൽവിലാസം | കാലയളവ് |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി. ഗീത.എസ് | 01.04.2017 മുതൽ<br>31.03.2018 വരെ |
| സെക്രട്ടറി | ശ്രീ.എം.സുനി,<br>അസി.സെക്രട്ടറി(ഇൻ ചാർജ്) | 01.04.2017 മുതൽ<br>27.04.2017 വരെ |
| | ശ്രീമതി.ബെറ്റി.ജെ ടീസ | 28.04.2017 മുതൽ<br>03.06.2017 വരെ |
| | ശ്രീമതി.ആർ.വൽസല | 04.06.2017 മുതൽ<br>10.07.2017 വരെ |
| | ശ്രീ.എസ്.രാജസേനൻനായർ | 10.07.2017 മുതൽ<br>19.02.2018 വരെ |
| | ശ്രീ.സന്തോഷ്കുമാർ.ജെ.എസ് | 20.02.2018 മുതൽ<br>31.03.2018 വരെ |

**(2)** നിർവ്വഹണ ഉദ്യോഗസ്ഥരുടെ വിവരങ്ങൾ

| ഉദ്യോഗപ്പേര് | ഉദ്യോഗസ്ഥന്റെ പേര്, വിലാസം | കാലയളവ് |
|---|---|---|
| കൃഷി ഓഫീസർ | ശ്രീമതി.ബഗിതബന്ധു, ടിസി 2/2200, എഎൻ 64, ആദർശ്നഗർ, പട്ടം പി.ഒ | 01.04.2017 മുതൽ 31.03.2018 വരെ |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ(എ സർക്കിൾ) | ശ്രീമതി.സൗമ്യ.ആർ.ബി, വട്ടക്കരിക്കകത്തിൽ വീട്, വട്ടക്കരിക്കകം, കല്ലറ പി.ഒ | 01.04.2017 മുതൽ 31.03.2018 വരെ |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (ബി സർക്കിൾ) | ശ്രീമതി.സഫീന.എസ്, പുത്തൻകെട്ടിടം, കന്യാകുളങ്ങര പി.ഒ | 01.04.2017 മുതൽ 09.06.2017 വരെ |
| | ശ്രീ.പ്രദീപ്കുമാർ.വി.ആർ, മണലിയിൽപുത്തൻവീട്, പുലിപ്പാറ പി.ഒ | 10.06.2017 മുതൽ 31.03.2018 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി.ബിന്ദു.ജെ.എസ്, രേവതി, പുരവൂർ, ചിറയിൻകീഴ് | 01.04.2017 മുതൽ 31.03.2018 വരെ |
| മെഡിക്കൽ ഓഫീസർ - പി.എച്ച്.സി | ഡോ.ഹീര, ജ്യോതിസ്, നിയർ ജി.എച്ച്.എസ്, പിരപ്പൻകോട് പി.ഒ | 01.04.2017 മുതൽ 29.08.17 വരെ |
| | ഡോ.സയ്യീദ്മുഹമ്മദ്, സാജിതാമൻസിൽ, നിയർ ജി.എൽ.പി.എസ്, കാവൽപുര, ഇരവിപുരം പി.ഒ | 29.08.2017 മുതൽ 17.02.2018 വരെ |
| | ഡോ.സഞ്ജീവ്കുമാർ | 17.02.2018 മുതൽ 31.03.2018 വരെ |
| ഹെഡ്മാസ്റ്റർ | ശ്രീ.അബ്ദുൾഅസീസ്, സൽഫമൻസിൽ, പാട്ടറ , കല്ലറ പി.ഒ | 01.04.2017 മുതൽ 31.03.2018 വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ.സുനി.എം, പ്ലാന്തോട്ടത്ത് വീട്, തിരുപുറം, കഞ്ചാപഴിഞ്ഞി പി.ഒ, നെയ്യാറ്റിൻകര | 01.04.2017 മുതൽ 03.07.2017 വരെ |
| | ശ്രീമതി.കല.കെ.എസ്, ലതാമന്ദിരം, കളമച്ചൽ പി.ഒ | 04.07.2017 മുതൽ 31.03.2018 വരെ |
| വെറ്ററിനറി സർജൻ | ഡോ.സോഫിയ, ടിസി48/200(1), കുടാരത്തിൽ, തിരുമല, അറാമാത പി.ഒ | 01.04.2017 മുതൽ 31.03.2018 വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീ.ദിലീപ്.വി, കീർത്തനം, കരകുളം പി.ഒ, തിരുവനന്തപുരം | 01.04.2017 മുതൽ 31.03.2018 വരെ |

സൂചിക


| ക്രമ നം | വിഷയം | ഖണ്ഡിക നമ്പർ |
|---|---|---|
| | ഭാഗം- **1**<br>പൊതു അവലോകനം | |
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-7 |
| | ഭാഗം-**2**<br>വരവു കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 8 | ഡി & ഒ ലൈസൻസ് നൽകൽ അപൂർണ്ണം - തനത് വരുമാനത്തിൽ നഷ്ടമുണ്ടാകുന്നു | 2-1 |
| 9 | തൊഴിൽ നികുതി നിയമപ്രകാരം ഈടാക്കുന്നില്ല | 2-2 |
| 10 | സ്ഥാപന നികുതി - തൊഴിൽ നികുതി - ഡിമാന്റ് നോട്ടീസ് നൽകി ഈടാക്കിയിട്ടില്ല | 2-3 |
| 11 | കെട്ടിടങ്ങളുടെ ക്രമവൽകരണ രജിസ്റ്റർ കൃത്യതയോടെ പരിപാലിക്കുന്നില്ല | 2-4 |
| 12 | മൊബൈൽ ടവറുകളുടെ വസ്തുനികുതി കുടിശ്ശിക ഉൾപ്പെടെ ഈടാക്കുന്നില്ല | 2-5 |
| 13 | ഷോപ്പിംഗ് കോപ്ലക്സ് വാടക – കൃത്യമായും ഈടാക്കാത്തതു മൂലം തനത് വരുമാനത്തിൽ നഷ്ടമുണ്ടാകുന്നു. | 2-6 |
| 14 | ഇ ടെണ്ടർ പ്രകാരം ടെണ്ടർ ക്ഷണിച്ചിട്ടുള്ള പ്രവൃത്തികളുടെ ടെണ്ടർ ഫോറവില കിളിമാനൂർ ബ്ലോക്ക് പഞ്ചായത്ത് അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്തിട്ടില്ല. | 2-7 |

| | | |
|---|---|---|
| | ഭാഗം-**3**<br>ചെലവു കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 15 | ബജറ്റ് രൂപീകരണം- നടപടിക്രമം പാലിച്ചില്ല | 3-1 |
| 16 | പദ്ധതിരേഖ തയ്യാറാക്കുന്നതിൽ സൂക്ഷ്മത പാലിക്കേണ്ടതാണ് | 3-2 |
| 17 | വികെ പൊയ്യ, മാറനാട്, നെല്ലിക്കുന്ന് അംഗനവാടികൾക്ക് ഷീറ്റ് റൂഫിംഗ്, പ്രവൃത്തി മൂല്യത്തെ അധികരിച്ച് കരാറുകാരന് നല്കിയിട്ടുള്ള 119167 രൂപ നിരാകരിക്കുന്നു. | 3-3 |
| 18 | യഥാസമയം കരാർ വയ്ക്കാതിരുന്നവരിൽ നിന്നും നിയമപ്രകാരമുള്ളപിഴ ഈടാക്കിയിട്ടില്ല, പഞ്ചായത്ത് ഫണ്ടിന് 49,235 രൂപയുടെ നഷ്ടം | 3-4 |
| 19 | കൊട്ടുങ്ങാൻചേരി പഴവിള റോഡ് കോൺക്രീറ്റിംഗ് അപാകതകൾ മൂലം 24883 രൂപ നിരാകരിക്കുന്നു | 3-5 |
| 20 | അന്തിമ ബില്ലിൽ നിന്നും ടെൻഡർ കുറവ് വരുത്തിയില്ല. 1797 രൂപ അധികം നല്കി | 3-6 |
| 21 | മരാമത്ത് പ്രവൃത്തികളിൽ ഭാഗിക ബില്ലുകളിൽ നിന്നും കുറവ് വരുത്തുന്ന റീ ടെൻഷൻ തുക കരാറുകാർക്ക് തിരികെ നല്കിവരുന്നില്ല. | 3-7 |
| 22 | ആസൂത്രണത്തിൽ അപാകം- പദ്ധതി ലക്ഷ്യം കൈവരിച്ചില്ല | 3-8 |
| 23 | ചെലവു പത്രികയും യഥാർത്ഥ ചെലവും തമ്മിൽ പൊരുത്തപ്പെടുന്നില്ല | 3-9 |
| 24 | വിനിയോഗ സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ തുക തടസ്സം ചെയ്യുന്നു | 3-10 |
| 25 | ഗുണഭോക്തൃലിസ്റ്റ്- സർക്കാർ നിർദ്ദേശം പാലിക്കുന്നില്ല | 3-11 |
| 26 | എൽ.ഇ.ഡി മിനിമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ– അപാകതകൾ | 3-12 |
| 27 | സ്വകാര്യവ്യക്തിയുടെ പുരയിടത്തിൽ പഞ്ചായത്തിന്റെ സൗരോർജ്ജ ലൈറ്റ് | 3-13 |
| 28 | ആശ്രയ ആരോഗ്യസേവനങ്ങൾ നൽകുന്നതിനുള്ള തുക കുടുംബശ്രീ അക്കൗണ്ടിൽ | 3-14 |

| | | |
|---|---|---|
| 29 | സംയുക്ത പ്രോജക്ടുകൾ– സർക്കാർ നിർദ്ദേശം പാലിക്കണം | 3-15 |
| 30 | തെരുവ് വിളക്കുകൾ സംബന്ധിച്ച് കൃത്യമായ കണക്കില്ലാതെ തുക ഒടുക്കുന്നതു മൂലം അധിക ചെലവുണ്ടാകുന്നു | 3-16 |
| 31 | തെരുവ് വിളക്കുകളുടെ ആസ്തി രജിസ്റ്റർ സൂക്ഷിക്കുന്നില്ല | 3-17 |
| 32 | തെരുവ് വിളക്ക് അറ്റകുറ്റപ്പണി-സംയുക്ത പരിശോധന നടത്തിയിട്ടില്ല- തെരുവ് വിളക്കുകൾ സംബന്ധിച്ച് ഗ്രാമപഞ്ചായത്തിന് കൃത്യമായ കണക്കില്ല. | 3-18 |
| 33 | അംഗൻവാടികളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തണം | 3-19 |
| 34 | ശമ്പള പരിഷ്കരണ കുടിശ്ശിക – ജീവനക്കാരുടെ പെൻഷൻ കോൺട്രിബ്യൂഷൻ അടവാക്കിയില്ല | 3-20 |
| 35 | ഗ്രാമപഞ്ചായത്തിന്റെ വാഹന ഇൻഷുറൻസ് കേരള സംസ്ഥാന ഇൻഷുറൻസ് വകുപ്പിനെ ഏൽപ്പിക്കുന്നില്ല | 3-21 |
| 36 | മുൻ സാമ്പത്തിക വർഷത്തെ ചെലവുകൾ അടുത്ത സാമ്പത്തിക വർഷം നടത്തുന്നു | 3-22 |
| 37 | അംഗൻവാടികൾക്ക് കുടിവെള്ള കണക്ഷൻ- വാട്ടർ അതോറ്റിയിൽ നിന്ന് തുക തിരികെ ഈടാക്കേണ്ടതാണ് | 3-23 |
| 38 | മരുന്നുകൾ ലഭിക്കുന്നതിനു മുൻപേ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തുന്നു | 3-24 |
| 39 | തുല്യതാ പഠനം-കോഴ്സ് ഫീസ് അധികം നൽകി. | 3-25 |
| 40 | അംഗീകൃത സ്പോർട്സ് ക്ലബ്ബുകൾക്ക് അധിക തുകയ്ക്കുള്ള സ്പോർട്സ് കിറ്റ് നൽകി. | 3-26 |
| 41 | വി.ഇ.ഒയുടെ അക്കൗണ്ടിൽ അവശേഷിക്കുന്ന തുക സർക്കാരിലേക്ക് തിരിച്ചടയ്ക്കേണ്ടതാണ് | 3-27 |
| | ഭാഗം-**4** | |
| 42 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 43 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |

| | | |
|---|---|---|
| 44 | വായ്പ/ വായ്പ തിരിച്ചടവ് | 4-3 |
| 45 | സ്ഥിര നിക്ഷേപങ്ങൾ | 4-4 |
| 46 | ഓഡിറ്റ് റിക്കവറി | 4-5 |
| 47 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം | 4-6 |
| 48 | ഓഡിറ്റ് പ്രത്യവലോകനം | 4-7 |
| 49 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-8 |


# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

പാങ്ങോട് ഗ്രാമപഞ്ചായത്തിന്റെ 2017-18 വർഷത്തെ ബജറ്റ് സംബന്ധിച്ചുള്ള വിവരങ്ങൾ താഴെ കൊടുക്കുന്നു.

| വർഷം | ബജറ്റ് അംഗീകരിച്ച തീയതി | ബജറ്റ് പ്രകാരം പ്രതീക്ഷിച്ചിരുന്ന ആകെ വരവ് (മുന്നിരിപ്പ് ഉൾപ്പെടെ)/ചെലവ്. | | യഥാർത്ഥ തുക | കുറവ് | കുറവ് ശതമാനത്തിൽ |
|---|---|---|---|---|---|---|
| 2017-18 | 30.03.2017 | വരവ് | 243173500 | 117621689 | 125551811 | |
| | | ചെലവ് | 239445416 | 107005872 | 132439544 | |
| | | മിച്ചം | 8503554 | 10615817 | -2112263 | |

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2018 | 08.06.2018 | - | - |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിന്റെ വിവരം

ഓഡിറ്റ് സർട്ടിഫിക്കറ്റ് കെ.എസ്.എ.റ്റി.വി.എം.ജി.പി/10/1593/2018 തീയതി 3.9.2018 ആയി പുറപ്പെടുവിച്ചിട്ടുണ്ട്.

## 1-4 സാമ്പത്തിക വിശകലനം

2017-18 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രികയിലെ റസീറ്റ് & പെയ്മെന്റ് കണക്കുകളെ അടിസ്ഥാനമാക്കിയുള്ള സാമ്പത്തിക വിശകലനമാണ് ചുവടെ ചേർത്തിരിക്കുന്നത്.

| | |
|---|---|
| മുന്നിരിപ്പ് | 22111563.00 |
| വരവ് | 95510126.00 |

| | |
|---|---|
| ആകെ | 117621689.00 |
| ചെലവ് | 107005872.00 |
| നീക്കിയിരുപ്പ് | 10615817.00 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കി യിരിപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ ) | 0 | 18743840 | 18743840 | 18743840 | 0 |
| വികസന ഫണ്ട് (എസ്.സി.പി ) | 0 | 10051165 | 10051165 | 10051165 | 0 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 0 | 18936127 | 18936127 | 18936127 | 0 |
| സംരക്ഷണ ഗ്രാന്റ് (നോൺ റോഡ്) | 0 | 5691194 | 5691194 | 5691194 | 0 |
| ടി.എസ്.പി | 0 | 2968864 | 2968864 | 2968864 | 0 |
| സി.എഫ്.സി | 0 | 9959726 | 9959726 | 9959726 | 0 |
| കെ.എൽ.ജി. എസ്.ഡി.പി | 0 | 2413406 | 2413406 | 2413406 | 0 |
| സാക്ഷരത | 314760 | 0 | 314760 | 649 | 314111 |
| ഡിസ്ട്രസ് റിലീഫ് | 20470 | 5130 | 25600 | 300 | 25300 |
| എം.എൻ. ആർ.ഇ .ജി.എസ് | 5789 | 1268486 | 1274275 | 1262733 | 11542 |
| ബി.ഫണ്ട് | 0 | 246720 | 246720 | 246720 | 0 |
| ഇ-പേമെന്റ് | 0 | 7505 | 7505 | 0 | 7505 |
| ജോയിന്റ് വെഞ്ചർ | 1500000 | 2552450 | 4052450 | 4657940 | -605490 |
| ജനറൽ പർപ്പസ് | 9570224 | 10992000 | 20562224 | 19428145 | 1134079 |
| തനത് ഫണ്ട് | 10628649 | 11415791 | 22044440 | 12573392 | 9471048 |
| ക്യാഷ് | 71671 | 257722 | 329393 | 71671 | 257722 |
| ആകെ | 22111563 | 95510126 | 117621689 | 107005872 | 10615817 |

## 1-6 പദ്ധതി അവലോകനം

2017-18 സാമ്പത്തിക വർഷത്തെ അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പിലാക്കിയതിന്റെ വിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം | നിർവ്വഹണ ഉദ്യോഗസ്ഥൻ | അംഗീകാരം ലഭിച്ച പദ്ധതികളുടെ എണ്ണം | പദ്ധതി അടങ്കൽ | നടപ്പാക്കി യവയുടെ എണ്ണം | പദ്ധതി ചെലവ് | ഭാഗിക മായി നടപ്പാ ക്കി യത് | നടപ്പാക്കാ ത്തവ | പൂർത്തീ കരിച്ച പ്രോജക്ടു കളുടെ ശതമാനം |
|---|---|---|---|---|---|---|---|---|
| 1 | കൃഷി ഓഫീസർ | 12 | 2390850 | 10 | 1419508 | 0 | 2 | 83 |
| 2 | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (എ സർക്കിൾ) | 6 | 1513000 | 3 | 826500 | 3 | 0 | 50 |
| 3 | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (ബി സർക്കിൾ) | 10 | 6987500 | 8 | 6847500 | 2 | 0 | 80 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 4 | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 6 | 4203050 | 6 | 3235280 | 0 | 0 | 100 |
| 5 | മെഡിക്കൽ ഓഫീസർ - പി.എച്ച്.സി | 13 | 3623670 | 12 | 3296915 | 0 | 1 | 92 |
| 6 | ഹെഡ്മാസ്റ്റർ | 8 | 1365000 | 7 | 1068175 | 0 | 1 | 88 |
| 7 | അസിസ്റ്റന്റ് സെക്രട്ടറി | 27 | 7467827 | 22 | 4378243 | 1 | 4 | 81 |
| 8 | വെറ്ററിനറി സർജൻ | 9 | 6545000 | 3 | 3098000 | 5 | 1 | 33 |
| 9 | സെക്രട്ടറി | 44 | 17122522 | 28 | 11022267 | 5 | 11 | 64 |
| 10 | അസിസ്റ്റന്റ് എഞ്ചിനീയർ | 112 | 68721834 | 68 | 41045031 | 8 | 36 | 61 |
| 11 | ഡയറിഫാം ഇൻസ്പെക്ടർ | 1 | 850000 | 1 | 850000 | 0 | 0 | 100 |
| | ആകെ | 248 | 120790253 | 168 | 77087419 | 24 | 56 | 68 |

## 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണച്ചെലവുകൾ | 5789 | 1268486 | 1274275 | 1262733 | 11542 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 26502750 | 26502750 | 26502750 | 0 |
| ആകെ | 5789 | 27771236 | 27777025 | 27765483 | 11542 |

## 1-8 ക്ഷേമപദ്ധതികൾ

2017-18 സാമ്പത്തിക വർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശം

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിത വേതനം | 21670 | 380 |
| കർഷകതൊഴിലാളി പെൻഷൻ | 8693900 | 754 |
| വിധവാ പെൻഷൻ | 21136300 | 1810 |
| വാർദ്ധക്യകാല പെൻഷൻ | 30656600 | 2422 |
| വികലാംഗ പെൻഷൻ | 4343300 | 368 |
| വിവാഹ ധനസഹായം | 30000 | 1 |
| അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 295800 | 25 |

## 1-9 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 22.09.2018ന് രാവിലെ 10.15am ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ക്യാഷ് ബാലൻസ് ഇല്ല എന്ന് ബോധ്യപ്പെട്ടു.

# 1-10 ആഭ്യന്തരനിയന്ത്രണം

(i) പൊതുഭരണം

ഫ്രണ്ട് ഓഫീസ് സംവിധാനം മെച്ചപ്പെടുത്തണം

ഫ്രണ്ട് ഓഫീസ് സംവിധാനം ഏർപ്പെടുത്തുക വഴി ഭരണഘടനയുടെ ആമുഖത്തിൽ വിഭാവനം ചെയ്യുന്ന സാമൂഹ്യനീതി, പദവിയിലും അവസരത്തിലുമുള്ള തുല്യത, ഓരോ വ്യക്തിയുടെയും സ്വാഭിമാനം എന്നിവ സേവനപ്രദാന സംവിധാനത്തിൽ ഉറപ്പുവരുത്തുവാൻ സഹായിക്കുന്നു. ഇതിലേയ്ക്കായി സർക്കാർ വിശദമായ മാർഗരേഖ പുറപ്പെടുവിച്ചിട്ടുണ്ട് (സ.ഉ(കൈ) 123/09 ത.സ്വ.ഭ.വ തീ.02.07.2009). മാർഗരേഖയുടെ അടിസ്ഥാനത്തിൽ പഞ്ചായത്ത് സ്വീകരിച്ച നടപടി ചുവടെ ചേർക്കുന്നു

തപാലുകളുടെ രജിസ്ട്രേഷൻ

സ്വീകരിക്കുന്ന തപാലുകളുടെ വിവരങ്ങൾ ഫ്രണ്ട് ഓഫീസിലെ രജിസ്ട്രേഷൻ - വിതരണ രജിസ്റ്ററിൽ ചേർത്തിട്ടുണ്ട്.

തപാൽ നമ്പർ ഓരോ കലണ്ടർ വർഷത്തിലും പുതുതായി ആരംഭിച്ച് വർഷാവസാനം വരെ തുടർച്ചയായിട്ടാണ് ക്രമീകരിച്ചിരിക്കുന്നത്.

കൈപ്പറ്റ് രസീത്

എല്ലാ തപാലുകൾക്കും കൈപ്പറ്റ് രസീത് നൽകുകയും ഡ്യൂപ്ലിക്കേറ്റിൽ തയ്യാറാക്കി തപാലിനോടൊപ്പം ചേർത്ത് സൂക്ഷിച്ചിട്ടുണ്ട്.

ഫ്രണ്ട് ഓഫീസ് ഡയറി

ഫ്രണ്ട് ഓഫീസിൽ സ്വീകരിക്കുന്നതും സേവനം നൽകേണ്ടതുമായ അപേക്ഷകളുടെ കാര്യത്തിൽ യഥാസമയം സേവനം ഉറപ്പുവരുത്തുന്നതിനായി അനുബന്ധം 3 ലെ മാതൃകയിലുള്ള ഫ്രണ്ട് ഓഫീസ് ഡയറി സൂക്ഷിക്കുന്നുണ്ട്.

എന്നാൽ എല്ലാ കോളങ്ങളും കൃത്യമായി രേഖപ്പെടുത്തിയിട്ടില്ല. ഉദാ. 18.11.2017ൽ കോളം നം 5,6,7,8 (ബന്ധപ്പെട്ട സെക്ഷനിൽ നിന്നും ലഭിച്ച തീയതി, സേവനം നൽകിയ തീയതി, കൈപ്പറ്റുന്ന ആളുടെ പേരും ഒപ്പും, അഭിപ്രായക്കുറിപ്പ്) എന്നിവ രേഖപ്പെടുത്തിയിട്ടില്ല. 16.02.2018ൽ പെൻസിൽ ഉപയോഗിച്ചാണ് രേഖപ്പെടുത്തിയിരിക്കുന്നത്.

സേവനങ്ങൾ നൽകൽ

ഏഴുദിവസം കൈപ്പറ്റാത്ത സേവനങ്ങൾ എല്ലാ തിങ്കളാഴ്ചയും തപാൽ മാർഗ്ഗം അയച്ചുനൽകേണ്ടതും ഡെസ്പാച്ച് വിവരം ഡയറിയിലെ 8ാം കോളത്തിൽ (അഭിപ്രായക്കുറിപ്പ്) രേഖപ്പെടുത്തേണ്ടതുമാണ്. എന്നാൽ ഇത് കൃത്യമായി രേഖപ്പെടുത്തിയിട്ടില്ല. ഉദാ. 17.02.2018 ൽ ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റ് ഡയറിയിൽ ഇഷ്യൂ എന്ന് കാണിച്ചിട്ടുണ്ട് എന്നാൽ നേരിട്ട് നൽകിയതാണോ ഡെസ്പാച്ച് ചെയ്തതാണോ എന്ന് വ്യക്തമല്ല.

ഫോറങ്ങളുടെ വിതരണം

സൗജന്യമായും വില ഈടാക്കിയും നൽകുന്ന വിവിധ ഫോറങ്ങൾ ഫ്രണ്ട് ഓഫീസ് വഴി വിതരണം ചെയ്യുന്നതിന്റെ വിശദാംശം ഫോറം വിതരണ രജിസ്റ്ററിൽ രേഖപ്പെടുത്തുന്നുണ്ടെന്ന് ഓഡിറ്റ് എൻക്വയറി നം 1/22.09.2018 ന് മറുപടി നൽകിയിട്ടുണ്ട്. എന്നാൽ ഇത്തരത്തിൽ തയ്യാറാക്കിയ ഫോറം വിതരണ രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

മോണിറ്ററിംഗ് സംവിധാനം

ഫ്രണ്ട് ഓഫീസ് പ്രവർത്തനം കാര്യക്ഷമമായും ഫലപ്രദമായും നടക്കുന്നു എന്നുറപ്പ് വരുത്തുന്നതിന് പഞ്ചായത്ത് തലത്തിൽ പഞ്ചായത്ത് പ്രസിഡന്റ് ചെയർമാനും സെക്രട്ടറി കൺവീനറുമായി മോണിറ്ററിംഗ് സമിതി രൂപീകരിച്ചിട്ടുണ്ടെന്നും മോണിറ്ററിംഗ് സമിതി മാസത്തിൽ ഒരു പ്രാവശ്യമെങ്കിലും യോഗം ചേരുകയും ഫ്രണ്ട് ഓഫീസ് അടക്കമുള്ള ഓഫീസ് പ്രവർത്തനം വിലയിരുത്തി ആവശ്യമായ ശുപാർശകൾ പഞ്ചായത്ത് സമിതിക്ക് നൽകിയിട്ടുണ്ടെന്നും ഓഡിറ്റ് എൻക്വയറി നമ്പർ 1/22.09.2018ന് മറുപടി നൽകി എന്നാൽ ഇതുമായി ബന്ധപ്പെട്ട മിനിട്സ് ആവശ്യമായ ശുപാർശകൾ നൽകിയതിന്റെ രേഖകൾ എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

സ്റ്റാഫ് മീറ്റിംഗ്

ഉത്തരവ് പ്രകാരം സെക്രട്ടറി വിളിച്ച് ചേർക്കുന്ന ജീവനക്കാരുടെ പ്രതിമാസ യോഗത്തിൽ ഫ്രണ്ട് ഓഫീസ് പ്രവർത്തനം വിലയിരുത്തേണ്ടതും മോണിറ്ററിംഗ് സമിതി നിർദ്ദേശം സ്റ്റാഫ് മീറ്റിംഗിൽ ചർച്ച ചെയ്യേണ്ടതുമാണ്. പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനുള്ള നിർദ്ദേശങ്ങൾ സ്റ്റാഫ് മീറ്റിങ്ങിൽ രൂപപ്പെടുത്തേണ്ടതും, പഞ്ചായത്തിന് സമർപ്പിക്കേണ്ടതുമാണ്. എന്നാൽ ഇത്തരത്തിലുള്ള പ്രവർത്തനം നടത്തിയിട്ടില്ല. 2017-18 സാമ്പത്തിക വർഷത്തിൽ 05.05.2017, 25.11.2017, 08.02.2018, 23.02.2018 എന്നിങ്ങനെ നാലു തവണ മാത്രമേ സ്റ്റാഫ് മീറ്റിംഗ് കൂടിയിട്ടുള്ളൂ.

ഫ്രണ്ട് ഓഫീസ് ഡ്യൂട്ടി രജിസ്റ്റർ

ഫ്രണ്ട് ഓഫീസ് ഡ്യൂട്ടി രജിസ്റ്റർ പരിപാലിക്കുന്നുണ്ടെങ്കിലും കൃത്യമായ രേഖപ്പെടുത്തലുകൾ വരുത്തുന്നില്ല. ഉദാ. 17.11.2017, 18.11.2017, 20.11.2017, 7.11.2017, 8.11.2017, 9.11.2017, 10.11.2017 എന്നീ തീയതികളിൽ യാതൊന്നും രേഖപ്പെടുത്തിയിട്ടില്ല. 23.11.17 മുതൽ 29.11.2017 വരെ ഫ്രണ്ട് ഓഫീസ് ക്യാഷ് ബാലൻസ് (കോളം 3) മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. സൂപ്പർ വൈസർ എല്ലാ ദിവസവും കൃത്യമായി പരിശോധിച്ച് കോളം 8ൽ സാക്ഷ്യപ്പെടുത്തുന്നില്ല.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 10.08.2018 | 07/18 | ഇല്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 16.02.2016 – 28.02.2016 | 2007-2008 മുതൽ 2011-2012 വരെ | 09.04.2013 |

## 1-12 വാർഷിക കണക്കുകളിലെ അപാകതകൾ

ഇല്ല

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 ഡി & ഒ ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു - തനത് വരുമാനത്തിൽ നഷ്ടമുണ്ടാകുന്നു

2016-17 സാമ്പത്തിക വർഷം ഡി & ഒ ലൈസൻസ് എടുത്തതിൽ ആദ്യ 50 അപേക്ഷകൾ പരിശോധിച്ചതിൽ ചുവടെ പറയുന്ന 7 സ്ഥാപനങ്ങൾ 2017-18 സാമ്പത്തിക വർഷം ലൈസൻസ് എടുത്തിട്ടില്ല.

| പേര് | സ്ഥാപനം | കെട്ടിട നം |
|---|---|---|
| ഷീബ | തയ്യൽക്കട | VIII/697 |
| ടി.എസ്.രവീന്ദ്രൻ | പലചരക്ക്കട | STALL NO2 |
| അർച്ചന | വൃന്ദാവനം ഹോളോബ്രിക്സ് | X/17A |
| ലൈലാബീവി | ഷമീർ ഫ്ലവർമിൽ | XVII/331 |
| അസീം | ഫ്ലവർമിൽ | XV/619 |
| മുഹമദ് ഇസ്മായിൽ | ഫൗസിയ സ്റ്റോഴ്സ് | VI/177 |
| റജീന | ഫ്ലവർമിൽ | VI/145A |

മേൽ വിഷയത്തിനു നൽകിയ ഓഡിറ്റ് എൻക്വയറി നം 9/ 25.09.2018 ന് ടി.എസ്.രവീന്ദ്രൻ, അർച്ചന എന്നിവരുടെ സ്ഥാപനങ്ങൾ നിലവിൽ പ്രവർത്തനമല്ലായെന്നാണ് മറുപടി നൽകിയിട്ടുള്ളത്. മറ്റുള്ളവ ഈ കാലയളവിൽ ലൈസൻസ് ഇല്ലാതെയാണ് പ്രവർത്തിച്ചിരിക്കുന്നത്. 2016-17 സാമ്പത്തിക വർഷത്തെ ഡി & ഒ ലൈസൻസ് എടുത്തതിൽ ആദ്യ 50 അപേക്ഷകൾ പരിശോധിച്ചതിൽ തന്നെ ഇത്രയും സ്ഥാപനങ്ങൾ ലൈസൻസ് ഇല്ലാതെ 2017-18ൽ പ്രവർത്തിച്ചിട്ടുണ്ട് എന്നത് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഡി&ഒ ലൈസൻസുമായി ബന്ധപ്പെട്ട വിഷയത്തിൽ ഫലപ്രദമായ തുടർ പരിശോധന നടത്താത്തതു കൊണ്ടാണ്. 2016-17ൽ 1,03,900/- രൂപ ഈ ഇനത്തിൽ ലഭിച്ചിരുന്നു. എന്നാൽ 2017-18ൽ സാമ്പത്തിക വർഷം ഇത് 83,600/-രൂപയായി കുറഞ്ഞു. 2016-17 സാമ്പത്തിക വർഷം 212 ഡി & ഒ ലൈസൻസ് നൽകിയിട്ടുണ്ട്. എന്നാൽ 2017-18 സാമ്പത്തിക വർഷം ഇത് 152 എണ്ണമായി കുറഞ്ഞു. വാർഡ് തല ടേഡ്രേഴ്സ് ലിസ്റ്റ് തയ്യാറാക്കി പഞ്ചായത്ത് പ്രദേശത്തുള്ള എല്ലാ സ്ഥാപനങ്ങളും

ലൈസൻസ് എടുത്തിട്ടുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

## 2-2 തൊഴിൽ നികുതി നിയമപ്രകാരം ഈടാക്കുന്നില്ല

2017-18 സാമ്പത്തിക വർഷം തൊഴിൽ നികുതി ഈടാക്കിയതിൽ ചുവടെ പറയുന്ന അപാകങ്ങൾ കാണുന്നു.

| ക്രമ നം | സ്ഥാപനം | വിഷയം |
|---|---|---|
| 1 | കെ.എസ്.ഇ.ബി ഭരതന്നൂർ | തൊഴിൽ നികുതി ഈടാക്കിയിട്ടില്ല |
| 2 | ഹെർക്കുലീസ് മോഡൽ സ്കൂൾ പഴവിള | സർക്കാർ നിശ്ചയിച്ച പ്രകാരമുള്ള ശമ്പളത്തിനനുസരിച്ച് തൊഴിൽ നികുതി ഈടാക്കിയിട്ടില്ല |
| 3 | മന്നാനിയ ആഡിറ്റോറിയം | തൊഴിൽ നികുതിയും സ്ഥാപനനികുതിയും ഈടാക്കിയിട്ടില്ല |

മേൽ വിവരം കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം 17/26.09.2018ന് കെ.എസ്.ഇ.ബി ഭരതന്നൂരിൽ കല്ലറ പഞ്ചായത്തിലെ ഹെഡ് ഓഫീസിൽ നിന്നും വർക്കിംഗ് അറേഞ്ച്മെന്റിലാണ് ജോലി ചെയ്യുന്നതെന്നും ഹെർക്കുലീസ് മോഡൽ സ്കൂൾ പഴവിള എന്ന സ്ഥാപനത്തിൽ നിന്നും സർക്കാർ നിശ്ചയിച്ച പ്രകാരമുള്ള ശമ്പളത്തിനനുസരിച്ച് തൊഴിൽ നികുതി ഈടാക്കുമെന്നും മന്നാനിയ ആഡിറ്റോറിയത്തിന് പലതവണ രജിസ്റ്റേർഡ് തപാൽ മുഖേന അറിയിച്ചിട്ടും നാളിതുവരെ ഒടുക്കിയിട്ടില്ല എന്നും അറിയിച്ചിട്ടുണ്ട്.

കേരള പഞ്ചായത്ത് രാജ് ചട്ടം സെക്ഷൻ 204.1 പ്രകാരം ജോലി ചെയ്യുന്ന സ്ഥാപനം നിലനിൽക്കുന്ന പഞ്ചായത്തിലാണ് തൊഴിൽ നികുതി ഒടുക്കേണ്ടത്. ആയതിനാൽ കെ.എസ്.ഇ.ബി ഭരതന്നൂരിൽ നിന്നും തൊഴിൽ നികുതി, സ്ഥാപന നികുതി എന്നിവ ഈടാക്കുന്നതിന് നിയമപ്രകാരമുള്ള നോട്ടീസ് നൽകേണ്ടതാണ്. ഹെർക്കുലീസ് മോഡൽ സ്കൂൾ പഴവിള, മന്നാനിയ ആഡിറ്റോറിയം എന്നിവയിൽ നിന്നും നിയമപ്രകാരമുള്ള നികുതികൾ ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-3 സ്ഥാപന നികുതി - തൊഴിൽനികുതി - ഡിമാന്റ് നോട്ടീസ് നൽകി ഈടാക്കിയിട്ടില്ല

സഞ്ചയ സോഫ്റ്റ് വെയർ പരിശോധിച്ചതിൽ നിന്നും പഞ്ചായത്തു പരിധിയിൽ പ്രവർത്തിക്കുന്ന ശ്രീമുരുക (ഡോർ നം.3/689/) എന്ന ആശുപത്രിയിൽ നിന്നും 2017-18 സാമ്പത്തിക വർഷം സ്ഥാപനനികുതി, തൊഴിൽ നികുതി എന്നിവ ഈടാക്കിയിട്ടില്ല .

മേൽ വിഷയത്തിനു നൽകിയ ഓഡിറ്റ് എൻക്വയറി നം 21/26.09.2018ന് ശ്രീമുരുക എന്ന സ്ഥാപനത്തിന് നോട്ടീസ് നൽകുന്നതാണെന്ന് അറിയിച്ചു. സ്ഥാപന നികുതി, തൊഴിൽ നികുതി എന്നിവ ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-4 കെട്ടിടങ്ങളുടെ ക്രമവൽകരണ രജിസ്റ്റർ കൃത്യതയോടെ പരിപാലിക്കുന്നില്ല

കെട്ടിടങ്ങളുടെ ക്രമവൽകരണ രജിസ്റ്റർ, ഫയൽ എന്നിവ പരിശോധിച്ചതിൽ ചുവടെ പറയുന്ന അപാകതകളുണ്ട്.

| പേര് | ഫയൽ നം | റിമാർക്ക്സ് |
|---|---|---|
| അനന്ദു.എം.എസ് | A3/6377/17, 25.09.2017 | ഒടുക്കിയ ഫീസ് വിവരം ലഭ്യമല്ല |
| നൗഷാദ്, ഷീജ | A3/6540/17, 28.09.17 | ഒടുക്കിയ ഫീസ് വിവരം ലഭ്യമല്ല.<br>രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല |
| വിനോജ്.ഡി | A3/7550/17, 9.11.17 | ഒടുക്കിയ ഫീസ് വിവരം ലഭ്യമല്ല.<br>രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല |
| നസീമബീവി | A3/5133/17, 24.07.17 | ഒടുക്കിയ ഫീസ് വിവരം ലഭ്യമല്ല.<br>രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല |

| | | |
|---|---|---|
| ഷഹിത | A3/5901/18, ലഭ്യമല്ല | ഒടുക്കിയ ഫീസ് വിവരം ലഭ്യമല്ല. |
| സുരേഷ് | A3/2916/17, 18.04.17 | ഒടുക്കിയ ഫീസ് വിവരം ലഭ്യമല്ല. |

ഈ വിഷയത്തിനു നൽകിയ ഓഡിറ്റ് എൻക്വയറി നം 22/26.09.2018 ന് നൽകിയ മറുപടിയിൽ സുരേഷ് ഒഴികെ മറ്റ് നാല്പ പേരും ക്രമവൽകരണ ഫീസ് അടച്ചതിന്റെ രസീത് ഹാജരാക്കിയിട്ടുണ്ട്. എന്നാൽ ഈ വിവരം കൃത്യമായി രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. ഈടാക്കേണ്ട ഫീസിനെ കുറിച്ച് പരിശോധന ഉദ്യോഗസ്ഥൻ റിപ്പോർട്ടിൽ എഴുതുന്നില്ല. ക്രമവൽകരണ രജിസ്റ്റർ, ഫയൽ എന്നിവ കൃത്യതയോടെ പരിപാലിക്കുന്നതിനും അവ പരിശോധിച്ച് ഉറപ്പ് വരുത്തുന്നതിനും ശ്രദ്ധിക്കേണ്ടതാണ്. കൂടാതെ ഫയൽ നം A3/2916/17, 18.04.17ൽ സ്വീകരിച്ച നടപടിയുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 2-5 മൊബൈൽ ടവറുകളുടെ വസ്തുനികുതി കുടിശ്ശിക പെരുകുന്നു- ഈടാക്കൽ നടപടികൾ ത്വരിതപ്പെടുത്തണം

സഞ്ചയ സോഫ്റ്റ് വെയർ പരിശോധിച്ചതിൽ നിന്നും പഞ്ചായത്തു പരിധിയിൽ പ്രവർത്തിക്കുന്ന ചുവടെ പറയുന്ന മൊബൈൽ ടവറുകളിൽ നിന്നും നാളിതുവരെ വസ്തുനികുതി ഈടാക്കിയിട്ടില്ല.

vodafone tower 3/974/

| | | |
|---|---|---|
| 2013-2014 | IIndHalf | 1890 |
| 2014-2015 | IstHalf | 1890 |
| 2014-2015 | IInd Half | 1890 |
| 2015-16 | Ist Half | 1890 |
| 2015-16 | IInd Half | 1890 |
| 2016-17 | Ist Half | 1890 |
| 2016-17 | IInd Half | 1890 |
| 2017-18 | Ist Half | 1890 |
| 2017-18 | IInd Half | 1890 |
| ആകെ | | 17010/- |

aircel tower 3/975/

| | | |
|---|---|---|
| 2017-18 | Ist Half | 2835 |
| 2017-18 | IInd Half | 2835 |
| ആകെ | | 5670 |

B S N L MOBILE SERVICES;BSS;RTTC COMPLEX, 1/626/A

| | | |
|---|---|---|
| 2013-14 | Ist Half | 1805 |
| 2013-14 | IInd Half | 1805 |
| 2014-15 | Ist Half | 1805 |
| 2014-15 | IInd Half | 1805 |
| 2015-16 | Ist Half | 1805 |
| 2015-16 | IInd Half | 1805 |

| | | |
|---|---|---|
| 2016-17 | Ist Half | 1805 |
| 2016-17 | IInd Half | 1805 |
| 2017-18 | Ist Half | 1805 |
| 2017-18 | IInd Half | 1805 |
| ആകെ | | 18050 |

B S N L MOBILE SERVICES;B S S,RTTC COMPLEX, 4/537/A

| | | |
|---|---|---|
| 2013-14 | Ist Half | 2835 |
| 2013-14 | IInd Half | 2835 |
| 2014-15 | Ist Half | 2835 |
| 2014-15 | IInd Half | 2835 |
| 2015-16 | Ist Half | 2835 |
| 2015-16 | IInd Half | 2835 |
| 2016-17 | Ist Half | 2835 |
| 2016-17 | IInd Half | 2835 |
| 2017-18 | Ist Half | 2835 |
| 2017-18 | IInd Half | 2835 |
| ആകെ | | 28350 |

മേൽ വിഷയത്തിനു നൽകിയ ഓഡിറ്റ് എൻക്വയറി നം 20/26.09.2018 ന് ഈ സ്ഥാപനങ്ങളിൽ നിന്നും നികുതി ഒടുക്കുവാൻ ഡിമാന്റ് നോട്ടീസും ആർ.ആർ ഡിമാന്റ് നോട്ടീസും നൽകിയിട്ടുണ്ടെന്ന് അറിയിച്ചു. നികുതി അടിയന്തിരമായി ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-6 ഷോപ്പിംഗ് കോംപ്ലക്സ് വാടക – കൃത്യമായും ഈടാക്കാത്തതുമൂലം തനത് വരുമാനത്തിൽ നഷ്ടമുണ്ടാകുന്നു

a) ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കടമുറികളിൽ നിന്നും 2017-18 വർഷത്തെ ഡി.സി.ബി പത്രിക പ്രകാരം 4,99,731/- രൂപ ഈടാക്കാനുണ്ട് .

വിശദാംശം ചുവടെ

| കടമുറി നം | കാലയളവ് |
|---|---|
| പാങ്ങോട് മാർക്കറ്റ് - 1 | 4/17 – 7/17<br>12/17 – 3/18 |
| പാങ്ങോട് മാർക്കറ്റ് - 2 | 4/17 – 9/17 |
| പാങ്ങോട് മാർക്കറ്റ് - 3 | 4/17 – 7/17 |
| പാങ്ങോട് മാർക്കറ്റ് - 5 | 4/17 – 6/17 |
| പാങ്ങോട് മാർക്കറ്റ് - 6 | 4/17 – 7/17 |
| പാങ്ങോട് മാർക്കറ്റ് - 7 | 4/17 – 9/17<br>11/17 – 3/18 |
| പാങ്ങോട് മാർക്കറ്റ് - 8 | 4/17 – 9/17 |
| പാങ്ങോട് മാർക്കറ്റ് - 9 | 4/17 – 11/17<br>3/18 |

| | |
|---|---|
| പാങ്ങോട് മാർക്കറ്റ് - 10 | 4/17 – 11/17<br>3/18 |
| പാങ്ങോട് മാർക്കറ്റ് - 11 | 4/17 – 9/17 |
| പാങ്ങോട് മാർക്കറ്റ് - 12 | 4/17 – 9/17 |
| പാങ്ങോട് മാർക്കറ്റ് - 13 | 4/17 – 6/17<br>11/17 – 3/18 |
| പാങ്ങോട് മാർക്കറ്റ് - 14 | 4/17 – 3/18 |
| പാങ്ങോട് മാർക്കറ്റ് - 15 | 4/17 – 8/17<br>12/17 – 3/18 |
| ഭരതന്നൂർ മാർക്കറ്റ് - 1 | 11/17 – 3/18 |

മേൽ വിഷയത്തിനു നൽകിയ ഓഡിറ്റ് എൻക്വയറി നം 12/26.09.2018 ന് പാങ്ങോട് ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള പാങ്ങോട് മാർക്കറ്റിലെ ഷോപ്പിംഗ് കോംപ്ലക്സിലെ 16 കടമുറികൾ 2017-18 വർഷത്തിൽ പുതുതായി ലേലം ചെയ്തു നൽകാൻ ഗ്രാമപഞ്ചായത്ത് കമ്മിറ്റി 28.02.17 ലെ 2(9)- ാം നമ്പർ തീരുമാനമെടുക്കുകയും അതിൻ പ്രകാരം ലേലം നടത്തുകയും ചെയ്തു. എന്നാൽ 2016-17 വർഷത്തിൽ ഉപയോഗിച്ചവർ കടമുറികൾ 1.04.2017 തീയതിയിൽ ഒഴിഞ്ഞു തരാത്ത സാഹചര്യമുണ്ടാവുകയും വ്യാപാരികൾ ബഹു തിരു.അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ കേസ് ഫയൽ ചെയ്യുകയുമുണ്ടായി. ഈ കേസ് ഗ്രാമപഞ്ചായത്ത് വിജയിക്കുകയും തുടർന്ന് വ്യാപാരികളെ ഒഴിപ്പിച്ച് പുതിയ നിരക്കിലുള്ള വാടക ഈടാക്കുന്നതിന് നോട്ടീസ് നൽകുകയും ചെയ്തു. വാടക ഒടുക്കാത്തതിനാൽ ആർ.ആർ നടപടി സ്വീകരിച്ചിട്ടുണ്ട്. ഈ ആർ.ആർ നടപടിക്കെതിരെ വ്യാപാരികൾ നെടുമങ്ങാട് മുൻസിഫ് കോടതിയിൽ ഒഎസ് നം 428/2018 നമ്പരായി കേസ് ഫയൽ ചെയ്തിട്ടുണ്ട്. റവന്യൂ റിക്കവറിക്കെതിരെ സ്റ്റേയും നിലനിൽക്കുന്നുണ്ട്. ആയതിന്റെ ആദ്യ സിറ്റിംഗ് 29.09.2018 ന് വച്ചിരിക്കുകയാണ് എന്നറിയിച്ചിട്ടുണ്ട്. ഭരതന്നൂർ മാർക്കറ്റിലെ 1 ാം നമ്പർ കടമുറിയുടെ 11/17 മുതൽ 03/2018 വരെയുള്ള വാടക അടിയന്തിരമായി ഒടുക്കുവരുത്താൻ നോട്ടീസ് നൽകിയിട്ടുണ്ടെന്നും എൻക്വയറിക്ക് മറുപടിയായി അറിയിച്ചിട്ടുണ്ട്.

ഭരതന്നൂർ മാർക്കറ്റിലെ 1- ാം നമ്പർ കടമുറിയുടെ വാടക ഒടുക്കു വരുത്തുകയും പാങ്ങോട് മാർക്കറ്റിലെ ഷോപ്പിംഗ് കോംപ്ലക്സിലെ കടമുറികളുടെ വാടക ഈടാക്കുന്നതിന്റെ തുടർ നടപടികൾ ഓഡിറ്റിനെ അറിയിക്കുകയും ചെയ്യേണ്ടതാണ്.

b) ഡി.സി.ബി സ്റ്റേറ്റ്മെന്റ് പ്രകാരം അരിയറിനത്തിൽ 2729/-രൂപ ലഭിക്കുവാനുണ്ട്. എന്നാൽ ഇത് സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറി നം 12.4 / 26.09.2018 ന് രേഖകൾ പരിശോധിച്ചതിൽ തുക പിരിച്ചെടുക്കാനുള്ളതായി കാണുന്നില്ലെന്നും സാംഖ്യയിൽ വന്ന പിശകാണെന്നും മറുപടി ലഭിച്ചു. ഈ തുക സംബന്ധിച്ച വ്യക്തത വരുത്തി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-7 ഇ ടെണ്ടർ പ്രകാരം ടെണ്ടർ ക്ഷണിച്ചിട്ടുള്ള പ്രവൃത്തികളുടെ ടെണ്ടർ ഫോറവില പഞ്ചായത്ത് അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ക്രഡിറ്റ്ചെയ്തിട്ടില്ല.

ഇ -ടെണ്ടർ പ്രകാരം ടെണ്ടർ ക്ഷണിച്ചിട്ടുള്ള പ്രവൃത്തികളുടെ ടെണ്ടർ ഫോറവില തിരുവനന്തപുരം ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിലേയ്ക്കാണ് ഒടുക്കിയിട്ടുള്ളത്. ടി തുക പാങ്ങോട് ഗ്രാമ പഞ്ചായത്തിലേയ്ക്ക് ട്രാൻസ്ഫർ ക്രഡിറ്റ്ചെയ്തതിന്റെ വിശദവിവരങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണെന്ന് കാണിച്ച് 27.09.2018ൽ നല്കിയ (നം.24) ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല. നാളിതുവരെ ടെണ്ടർ ഫോറവില ഇനത്തിൽ ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ അടവുവരുത്തിയിട്ടുള്ള തുകകൾ പാങ്ങോട് ഗ്രാമ പഞ്ചായത്ത് അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്യുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 ംബജറ്റ് രൂപീകരണം- നടപടിക്രമം പാലിച്ചില്ല

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട്, വകുപ്പ് 214 ഉപവകുപ്പ് (1) പ്രകാരം സർക്കാർ അതതു സമയം പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങൾക്കും നിർണ്ണയിക്കപ്പെടുന്ന ചട്ടങ്ങൾക്കും വിധേയമായി വാർഷിക ബജറ്റ് രൂപീകരണത്തിനായി ഗ്രാമപഞ്ചായത്ത് സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ഇനം | നടപടിക്രമം | ഗ്രാമപഞ്ചായത്തിന്റെ നടപടിക്രമം |
|---|---|---|---|
| 1 | നോൺപ്ലാൻ വരവ് ചെലവുകളുടെ കരട് പ്രൊപ്പോസൽ | 2016 ഡിസംബർ 15-ന് മുൻപ് | 31.12.2016 ൽ എ1-12294/16 |

| | | | |
|---|---|---|---|
| | ആവശ്യപ്പെടൽ | | നം ആയി ഘടകസ്ഥാപന മേധാവികൾക്ക് അറിയിപ്പ് നൽകി |
| 2 | നോൺപ്ലാൻ വരവ് ചെലവുകളുടെ കരട് പ്രൊപ്പോസലുകൾ ഘടകസ്ഥാപനങ്ങൾ സമർപ്പിക്കൽ | 2017 ജനുവരി 15-ന് മുൻപ് | 15.03.2017 |
| 3 | ക്രോഡീകരണത്തിനായി വിവിധ സ്റ്റാന്റിംഗ് കമ്മറ്റികൾ ചേരൽ | 2017ജനുവരി 25-ന് മുൻപ് | ക്രോഡീകരണത്തിനായി കമ്മിറ്റികൾ ചേർന്നിട്ടില്ല |
| 4 | ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയിൽ പ്രൊപ്പോസൽ വയ്ക്കൽ,ക്രോഡീകരണം | 2017ഫെബ്രുവരി 1-ന് മുൻപ് | ഇല്ല |
| 5 | ബജറ്റ് വർഷത്തേക്കുള്ള വാർഷിക പദ്ധതി അംഗീകാരം | 2017ഫെബ്രുവരി 28-ന് മുൻപ് | ഇല്ല |
| 6 | ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി കരട് ബജറ്റ് നിർമ്മാണം/അംഗീകരിക്കൽ | 2017മാർച്ച് 1-ന് മുൻപ് | 17.03.2017 |
| 7 | കരട് ബജറ്റ് ചർച്ച ചെയ്യുന്നതിനായി പ്രത്യേക പഞ്ചായത്ത് കമ്മറ്റി ചേരൽ | 2017മാർച്ച് 7-ന് മുൻപ് | 28.03.2017 |
| 8 | അന്തിമ ബജറ്റ് അംഗീകാരത്തിനായി പ്രത്യേക പഞ്ചായത്ത് കമ്മറ്റി ചേരൽ | 2017മാർച്ച് 31-ന് മുൻപ് | 30.03.2017 |

ബജറ്റ് തയ്യാറാക്കുന്നതിനാവശ്യമായ ശുപാർശകൾ ലഭ്യമാക്കുവാൻ ഗ്രാമപഞ്ചായത്ത് വിവിധ ഘടകസ്ഥാപനങ്ങളോട് സമയബന്ധിതമായി ആവശ്യപ്പെട്ടിട്ടില്ല. കരട് പ്രൊപ്പോസലുകൾ ക്രോഡീകരണത്തിനായി വിവിധ സ്റ്റാന്റിംഗ് കമ്മറ്റികൾ ചേർന്നിട്ടില്ല. ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയിൽ പ്രൊപ്പോസൽ വച്ചിട്ടില്ല.

## 3-2 പദ്ധതി രൂപീകരണ രേഖ തയ്യാറാക്കുന്നതിൽ സൂക്ഷ്മത പാലിക്കേണ്ടതാണ്

പ്രോജക്ടിന്റെ പേര് - ടെക്നിക്കൽ അസിസ്റ്റന്റിന്റെ വേതനം

നം. -SOOO2/18

അടങ്കൽ - തനത്ഫണ്ട് 2,52,000/-

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

ടെക്നിക്കൽ അസിസ്റ്റന്റിന് വേതനം നൽകുന്നതിനായി നടപ്പിലാക്കിയ പദ്ധതികളിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

എ) സാമ്പത്തിക വിശകലനത്തിൽ തനത്ഫണ്ടിനത്തിൽ 2,52,000/- രൂപ വകയിരുത്തിയതായും അധിക വിവരങ്ങളിൽ ഗ്രാമപഞ്ചായത്തുകളിൽ നിയമിക്കുന്ന ടെക്നിക്കൽ അസിസ്റ്റന്റിന് വേതനം നൽകുന്നതിനായി തനത്ഫണ്ടിൽ നിന്നും 2,40,000/- രൂപ വകയിരുത്തിയതായും രേഖപ്പെടുത്തിയിരിക്കുന്നു. ഒരേ പദ്ധതി രേഖയിൽ വ്യത്യസ്ത അടങ്കൽ തുക രേഖപ്പെടുത്തിയിരിക്കുന്നു

ബി) ലഭ്യമാക്കിയ ഫയൽ പ്രകാരം ടെക്നിക്കൽ അസിസ്റ്റന്റിന് 1,47,000/- രൂപ വേതനം നൽകിയതായും ലെഡ്ജർ പ്രകാരം മേയ് 2017 മുതൽ മാർച്ച് 2018 വരെ 1,57,500/- രൂപ ചെലവഴിച്ചതായും സുലേഖ പ്രകാരമുള്ള എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരം 2,52,000/- രൂപ ചെലവഴിച്ചതായും കാണുന്നു.

ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം.6 ന് ലഭ്യമാക്കിയ മറുപടിയിൽ പ്രോജക്ട് രൂപീകരണസമയത്ത് ടെക്നിക്കൽ

അസിസ്റ്റന്റിന്റെ വേതനം പ്രതിമാസം 20,000/- രൂപയായിരുന്നുവെന്നും അത് പ്രകാരം അടങ്കൽ തുക 12 മാസത്തേക്ക് 2,40,000/- രൂപ വകയിരുത്തി പിന്നീടുള്ള സർക്കാർ ഉത്തരവ് പ്രകാരം വേതനം പ്രതിമാസം 21,000/- രൂപയാക്കിയതിന്റെ അടിസ്ഥാനത്തിൽ പദ്ധതി ഭേദഗതി ചെയ്ത് അടങ്കൽ തുക 2,52,000/- രൂപയാക്കി എങ്കിലും അധികവിവരങ്ങളിൽ ഈ മാറ്റം വരുത്താൻ വിട്ടുപോയതുകൊണ്ടാണ് പ്രോജക്ട് റിപ്പോർട്ടിൽ വ്യത്യാസം വന്നതെന്നും ടെക്നിക്കൽ അസിസ്റ്റന്റിന് 2,52,000/- രൂപ വേതനം നൽകിയിട്ടുണ്ടെന്നും സാംഖ്യ സോഫ്റ്റ് വെയറിൽ ചെലവ് ഹെഡ് രേഖപ്പെടുത്തിയത് മാറിപ്പോയതിനാലാണ് വ്യത്യാസം സംഭവിച്ചിട്ടുള്ളതെന്ന് അറിയിച്ചിട്ടുണ്ട്. പദ്ധതികൾ ഭേദഗതി വരുത്തുന്ന വേളയിൽ സൂക്ഷ്മത പാലിക്കേണ്ടതും ചെലവുകൾ അതാത് ഹെഡ്ഡുകളിൽ തന്നെ പോസ്റ്റ് ചെയ്യുന്നതിനും ശ്രദ്ധിക്കേണ്ടതുമാണ്.

## **3-3** വികെ പൊയ്ക, മാറനാട്, നെല്ലിക്കുന്ന് അംഗനവാടികൾക്ക് ഷീറ്റ് റൂഫിംഗ്, പ്രവൃത്തി മൂല്യത്തെഅധികരിച്ച് കരാറുകാരന് നല്കിയിട്ടുള്ള **1,19,167/-** രൂപാ നിരാകരിക്കുന്നു.

പ്രവൃത്തി -വികെ പൊയ്ക, മാറനാട്, നെല്ലിക്കുന്ന് അംഗനവാടികൾക്ക് ഷീറ്റ് റൂഫിംഗ്

കരാറുകാരൻ - ശ്രീ. അജി ബി എ, മുളമൂട്ടിൽ വിളാകത്ത് വീട്, പിരപ്പൻകോട്

കരാർ നം - 18/ AE/LSGD/PGD/17-18, 27.09.2017

അളവു പുസ്തകം -186,187 /17-18

അടങ്കൽ തുക -സംരക്ഷണ ഗ്രാന്റ് (റോഡിതരം) – 4,02,510/-

തനതു ഫണ്ട് -3,47,490/-

ആകെ -7,50,000/-രൂപ

കരാർ തുക -6,30,834/- രൂപ

ടി പ്രവൃത്തിയുടെ ആകെ പ്രവൃത്തിമൂല്യം 6,30,833/- രൂപയാണ്. ഇതിൽ നിന്നും 6,309/- രൂപ ക്രമം ആദായനികുതി, ക്ഷേമനിധിവിഹിതം എന്നിവ കുറവ് ചെയ്ത് 6,18,215/-രൂപ കരാറുകാരന് നല്കേണ്ടതാണ്. എന്നാൽ രേഖകൾ പരിശോധിച്ചതിൽ ടി പ്രവൃത്തിക്കായി താഴെ കൊടുത്തിരിക്കുന്നതു പ്രകാരം തുക പിൻവലിച്ചിരിക്കുന്നു.

| | |
|---|---|
| ബിൽ നം.42 തീയതി 06.01.2018 പ്രകാരം<br>(ടി തുകയിൽ നിന്നും 6,309/- രൂപ ആദായ നികുതി,<br>6,309/- രൂപ ക്ഷേമനിധി വിഹിതം എന്നിവ കുറവ് വരുത്തി<br>കരാറുകാരന് 3,89,892/- രൂപ നല്കി) | -4,02,510/- രൂപ |
| ചെക്ക് നം.7061610 തീയതി 07.02.2018 പ്രകാരം<br>(നൽകേണ്ടിയിരുന്നത് (630833-402510) 228323/- രൂപ,<br>ടി തുക കരാറുകാരന് നൽകി. | -347490/- രൂപ |
| ആകെ | -750000/- രൂപ |
| അധികം പിൻവലിച്ച തുക -(750000-630833) | -119167 രൂപ. |

അധികം പിൻവലിച്ച തുക നിരാകരിക്കുന്നു.

അപാകത സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (23 തീ 27.09.2018) അധികം നല്കിയ 1,19,167/- രൂപ തിരിച്ചടച്ച് വിവരം അറിയിക്കുന്നതാണെന്ന മറുപടിയാണ് നല്കിയിട്ടുള്ളത്. അധികം നല്കിയിട്ടുള്ള 1,19,167/- രൂപ ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കി ബന്ധപ്പെട്ട അക്കൗണ്ടിൽ ഒടുക്കുവരുത്തേണ്ടതാണ്. കൂടാതെ 1,19,167/- രൂപയുടെ തുക തിരികെ ഒടുക്കുവരുത്തുന്നതുവരെയുള്ള നിയമാനുസൃത പലിശ കൂടി ബന്ധപ്പെട്ടവരിൽ നിന്നും ഈടാക്കേണ്ടതാണ്.

## **3-4** യഥാസമയം കരാർ വയ്ക്കാതിരുന്നവരിൽ നിന്നും നിയമപ്രകാരമുള്ളപിഴ ഈടാക്കിയിട്ടില്ല,,പഞ്ചായത്ത് ഫണ്ടിന് **49,235** രൂപായുടെ നഷ്ടം.

2012ലെ പൊതുമരാമത്ത് മാന്വൽ 2009.6. ടെണ്ടർ ഫോമിലെ വ്യവസ്ഥ (40,41) എന്നിവ പ്രകാരം കരാർ അംഗീകരിച്ച് സെലക്ഷൻ നോട്ടീസ് നല്കിയാൽ 14 ദിവസത്തിനകം കരാറിൽ ഏർപ്പെടേണ്ടതാണ്. തുടർന്നു വരുന്ന 10 ദിവസത്തേയ്ക്ക് കരാർ തുകയുടെ 1% ഈടാക്കിക്കൊണ്ട് കരാർ വയ്ക്കുവാൻ അനുവദിക്കാവുന്നതാണ്. നിശ്ചിത സമയ പരിധിക്കുള്ളിൽ കരാർവയ്ക്കാതിരുന്നാൽ കരാർവയ്ക്കുന്നതിനുള്ള നിർദ്ദേശം റദ്ദ് ചെയ്ത് നിരത ദ്രവ്യം സ്ഥാപനത്തിൽ മുതൽക്കൂട്ടേണ്ടതാണ്.

താഴെക്കൊടുത്തിട്ടുള്ള മരാമത്ത് പ്രവൃത്തികളിൽ യഥാസമയം കരാർ വയ്ക്കാതിരുന്നവരിൽ നിന്നും ക്രമപ്രകാരമുള്ള പിഴ ഈടാക്കിയിട്ടില്ല.

| ക്രമ നം | പ്രവൃത്തിയുടെ പേര് | നോട്ടീസ് നല്കിയ തീയതി | പിഴ കൂടാതെ കരാറിലേർപ്പെടേണ്ട അവസാന തീയതി | കരാറിൽ ഏർപ്പെട്ട തീയതി | ഈടാക്കേണ്ടിയിരുന്ന പിഴ |
|---|---|---|---|---|---|
| 1 | ഭരതന്നൂർമാർക്കറ്റ് അടിസ്ഥാന സൗകര്യം വികസിപ്പിക്കൽ കരാർ തുക -783750 | 23.01.2017 | 06.02.2017 | 03.03.2017 | 7838 |
| 2 | കാഞ്ചിനട കുന്നുംപ്പുറം റോഡ് റീ ടാറിംഗ് കരാർ തുക-708100 | 27.01.2017 | 10.02.2017 | 06.03.2017 | 7081 |
| 3 | അംബേദ്കർ പട്ടികജാതി കോളനിയിൽ നടപ്പാത നിർമ്മാണം കരാർ തുക-350000 | 15.02.2017 | 01.03.2017 | 03.03.2018 | 3500 |
| 4 | കാവുവിള പാകിസ്ഥാൻമുക്ക് റോഡ് കോൺക്രീറ്റിംഗ് കരാർ തുക-495441 | 29.04.2017 | 13.05.2017 | 15.05.2017 | 4954 |
| 5 | പഞ്ചായത്ത് വക ശ്മശാന ഭൂമിക്ക് ചുറ്റമതിൽ നിർമ്മാണം കരാർ തുക-350000 | 15.02.2017 | 01.03.2017 | 03/03/18 | 3500 |
| 6 | പാങ്ങോട് മത്സ്യമാർക്കറ്റ് അടിസ്ഥാന സൗകര്യം വികസിപ്പിക്കൽ കരാർ തുക-670466 | 23.01.2017 | 06.02.2017 | 13.02.2017 | 6705 |
| 7 | മാമ്പഴവിള കൊച്ചുകട റോഡ് കോൺക്രീറ്റിംഗ് കരാർ തുക-564618 | 21.08.2017 | 04.09.2017 | 13.09.2017 | 5646 |
| 8 | പാലുവള്ളി അംഗനവാടി ചുറ്റമതിൽ നിർമ്മാണം കരാർ തുക-568352 | 23.01.2017 | 06.02.2017 | 21.02.2017 | 5684 |
| 9 | പഴവില പങ്കാച് റോഡ് റീ ടാറിംഗ് കരാർ തുക-432747 | 13.06.2017 | 27.06.2017 | 31.07.2017 | 4327 |

| | | | | | |
|---|---|---|---|---|---|
| | | | | ആകെ | 49235 |

പിഴ ഉൾപ്പെടെ കരാർ വയ്ക്കുന്നതിന് അനുവദിച്ചിട്ടുള്ള സമയപരിധിക്കുള്ളിൽ കരാർ വയ്ക്കാതിരുന്നാൽ കരാർ വയ്ക്കുന്നതിനുള്ള നിർദ്ദേശം റദ്ദ് ചെയ്ത് നിരതദ്രവ്യം സ്ഥാപനത്തിൽ മുതൽ കൂട്ടേണ്ടതാണ്. എന്നാൽ ക്രമ നമ്പർ 1,2,8,9 എന്നീ പ്രവൃത്തികളിൽ ഇപ്രകാരം ചെയ്യാതെ ടിയാൻമാരെക്കൊണ്ട് തന്നെ പ്രവൃത്തി നിർവ്വഹണം നടത്തിയിരിക്കുന്നു. പ്രവൃത്തി നിർവ്വഹണം പൂർത്തീകരിച്ചിട്ടുള്ളതിനാൽ ടിയാന്മാരിൽ നിന്നും താമസിച്ചതിനുള്ള പിഴ ഈടാക്കേണ്ടതാണ്. ടി വിഷയം സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം 24, തീ 27.09.2018) തുക ബന്ധപ്പെട്ട കരാറുകരെക്കൊണ്ട് അടപ്പിച്ച് വിവരം റിപ്പോർട്ട് ചെയ്തുകൊള്ളാം എന്ന മറുപടിയാണ് ലഭ്യമാക്കിയിട്ടുളളത്. യഥാസമയം കരാർവയ്ക്കാതിരുന്നവരിൽ നിന്നും നിയമപ്രകാരം പിഴ ഈടാക്കുന്നതിന് ബാദ്ധ്യസ്ഥനായ നിർവ്വഹണ ഉദ്യോഗസ്ഥനിൽനിന്നും 49,235 രൂപാ ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ ഒടുക്കുവരുത്തേണ്ടതാണ്.

## **3-5** കൊട്ടുങ്ങാൻചേരി പഴവിള റോഡ് കോൺക്രീറ്റിംഗ് ശരിയായ ടെണ്ടർ കുറവ് വരുത്തിയില്ല **24,883/-** രൂപാ നിരാകരിക്കുന്നു.

പ്രവൃത്തി - കൊട്ടുങ്ങാൻചേരി പഴവിള റോഡ് കോൺക്രീറ്റിംഗ്

കരാറുകാരൻ - ശ്രീ. സജിം .എ

കരാർനം - 38/ AE/LSGD/PGD/16-17, 11.05.2017

കരാർ തുക -7.86 % കുറഞ്ഞ നിരക്ക്

അളവു പുസ്തകം -619 /17-18

അടങ്കൽ തുക -321000രൂപാ

ബിൽ നം -74/ 17-18 തീയതി 24.03.2018

ടി പ്രവൃത്തിയുടെ പ്രവൃത്തിമൂല്യം 3,20,677/- രൂപയാണ്. ഇതിൽനിന്നും ടെണ്ടർ കുറവായ 7.86% തുകയായ 25,204/- രൂപ കുറവ് വരുത്തി 2,95,463/- രൂപയാണ് ബിൽ തുകയായി കണക്കാക്കേണ്ടിയിരുന്നത്. എന്നാൽ ഇതിനു പകരം 0.1% തുകയായ 321/- രൂപ കുറവു വരുത്തി 3,20,346/- രൂപ ബിൽ തുകയായി കണക്കാക്കിയിരിക്കുന്നു. ഇതുമൂലം (320346-295463) 24,883/- രൂപാ അധികം നല്കിയിരിക്കുന്നു.

മുകളിൽ കൊടുത്തിട്ടുള്ള അപാകതകൾ ചൂണ്ടിക്കാട്ടി നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം 23 തീ 27.09.2018) പ്രസ്തുത റോഡ് നിലവിലുള്ള കരാറും എസ്റ്റിമേറ്റും റദ്ദ് ചെയ്ത് പുതിയ എസ്റ്റിമേറ്റ് തയ്യാറാക്കി സാങ്കേതികാനുമതി ലഭ്യമാക്കി വീണ്ടും ടെണ്ടർ ചെയ്ത് പ്രവൃത്തി ചെയ്യുവാൻ പഞ്ചായത്ത് കമ്മറ്റിയുടെ 21.02.2018ലെ 13(2) തീരുമാന പ്രകാരം അംഗീകാരം ലഭിച്ചുവെന്നും ഇതിൻപ്രകാരം ടി പ്രവൃത്തിക്ക് വീണ്ടും എസ്റ്റിമേറ്റ് തയ്യാറാക്കി സാങ്കേതികാനുമതി നേടി ടെണ്ടർ ചെയ്തുവെന്നും പ്രസ്തുത ടെണ്ടറിൽ ശ്രീ.സജിം എ എസ്റ്റിമേറ്റുതുകയേക്കാൾ 0.1% കുറച്ച് രേഖപ്പെടുത്തി പ്രവൃത്തിയുടെ നിർവ്വഹണാവകാശം നേടി കരാർ വച്ച് പ്രവൃത്തി പൂർത്തീകരിച്ചുവെന്നും മറുപടി നല്കി.

എന്നാൽ പ്രവൃത്തിയുടെ ഫയൽ പരിശോധിച്ചതിൽ പരിഷ്കരിച്ച സാങ്കേതികാനുമതി നേടിയ എസ്റ്റിമേറ്റ്, ടെൻഡർ ക്ഷണിച്ചുകൊണ്ടുള്ള പരസ്യം, ലഭിച്ച ടെൻഡറുകൾ ,ടെൻഡർ അംഗീകരിച്ച കമ്മറ്റി തീരുമാനം എന്നിവ ഉൾപ്പെടുത്തിയിട്ടില്ല. ആയവ ലഭ്യമാക്കണമെന്ന് കാണിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം 38, തീ 29.09.2018) മറുപടി ലഭ്യമാക്കിയിട്ടില്ല.

പ്രവൃത്തിയുടെ അളവുപുസ്തകം പരിശോധിച്ചതിൽ ടി പ്രവൃത്തിയുടെ ഇനങ്ങൾ 22.02.2018 ൽ പ്രവൃത്തിയുടെ അളവ്, ചെക്ക് മെഷർമെന്റ് എന്നിവ രേഖപ്പെടുത്തിയിട്ടുണ്ട്. ടി പ്രവൃത്തിയുടെ അവസാന അളവ് രേഖപ്പെടുത്തിയിട്ടുള്ളതു തന്നെ 17.03.2018ലാണ്. ഇതിൽ നിന്നും 21.02.2018ലെ പഞ്ചായത്ത് കമ്മറ്റിയുടെ 13(2) തീരുമാന പ്രകാരം വീണ്ടും എസ്റ്റിമേറ്റ് തയ്യാറാക്കി സാങ്കേതികാനുമതി നേടി ടെണ്ടർ ചെയ്തിട്ടില്ല എന്ന് വ്യക്തമാണ്. നിലവിലെ കരാർ റദ്ദ് ചെയ്തതു സംബന്ധിച്ച രേഖകൾ ഒന്നും തന്നെ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. നിലവിലെ കരാറുകാരനായ ശ്രീ. സജിം എ. എന്ന വ്യക്തിക്ക് അനർഹമായി ആനുകൂല്യം നല്കുകയാണ് ചെയ്തിട്ടുള്ളത്. ആയത് അംഗീകരിക്കുന്നില്ല. ആയതിനാൽ അധികം നല്കിയിട്ടുള്ള 24,883/- രൂപ നിരാകരിക്കുന്നു. ടി തുക ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കി ബന്ധപ്പെട്ട അക്കൗണ്ടിൽ ഒടുക്കുവരുത്തേണ്ടതാണ്.

## **3-6** അന്തിമബില്ലിൽ നിന്നും ടെൻഡർ കുറവ് വരുത്തിയില്ല. **1797**രൂപാ അധികം നല്കി

താഴെക്കൊടുത്തിട്ടുള്ള മരാമത്ത് പ്രവൃത്തികളുടെ അന്തിമബിൽ തയ്യാറാക്കിയതിൽ ടെൻഡർ കുറവ് വരുത്തിയിട്ടില്ല.

വിശദവിവരം ചുവടെ ചേർക്കുന്നു.

പ്രവൃത്തിയുടെ പേര് – പാങ്കാട് അംഗനവാടി ചുറ്റുമതിൽ നിർമ്മാണം

അടങ്കൽ തുക – 144000 രൂപാ

അളവുപുസ്തകം – 725/ 17-18

കരാറുകാരൻ – ശ്രീ എ. സജിം

കരാർ – 37/AE/LSGD/PGD/16-17, തീ. 30.03.2017

(എസ്റ്റിമേറ്റ് നിരക്കിൽ നിന്നും 1% കുറവ്)

ബിൽ നം – 78 /17-18 തീ 28.03.2018

| ബില്ല് തയ്യാറാക്കിയത് | ബില്ല് തയ്യാറാക്കേണ്ടിയിരുന്നത് |
|---|---|
| പ്രവൃത്തിമൂല്യം – 145280 | പ്രവൃത്തിമൂല്യം – 145280 |
| ടെണ്ടർ കുറവ്0.1% – 145 | ടെണ്ടർ കുറവ്-1% – 1452 |
| ബിൽ തുക – 145135 | ബിൽ തുക – 143828 |

അധികം നല്കിയ തുക (145135-143828) – 1307 രൂപാ

പ്രവൃത്തിയുടെ പേര് – ന്യൂസ് ബോർഡ് സ്ഥാപിക്കൽ

അടങ്കൽ തുക – 11,00,000/- രൂപ

കരാറുകാരൻ – ശ്രീ ജെ. സലിം

കരാർ – 15/AE/LSGD/PGD/17-18, തീ. 27.09.2017
(എസ്റ്റിമേറ്റ് നിരക്കിൽ നിന്നും 0.5% കുറവ്)

ചെക്ക് നം – 7061620 തീയതി 08.03.2018

| ബില്ല് തയ്യാറാക്കിയത് | ബില്ല് തയ്യാറാക്കേണ്ടിയിരുന്നത് |
|---|---|
| പ്രവൃത്തിമൂല്യം – 97987 | പ്രവൃത്തിമൂല്യം – 97987 |
| ടെണ്ടർ കുറവ് – | ടെണ്ടർ കുറവ് - 0.5% – 490 |
| ബിൽ തുക – 97987 | ബിൽ തുക – 97497 |

അധികം നല്കിയ തുക (97987-97497) = 490 രൂപാ

ടി രണ്ട് പ്രവൃത്തികളിലായി കരാറുകാരന് അധികം നല്കിയിട്ടുള്ള (1307+490) 1,797/- രൂപാ ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കി ബന്ധപ്പെട്ട അക്കൗണ്ടിൽ ഒടുക്കുവരുത്തേണ്ടതാണ്.

## 3-7 മരാമത്ത് പ്രവൃത്തികളിൽ ഭാഗിക ബില്ലുകളിൽ നിന്നും കുറവ് വരുത്തുന്ന റീ ടെൻഷൻ തുക കരാറുകാർക്ക് തിരികെ നല്കിവരുന്നില്ല..

ഭാഗിക ബിൽ നൽകേണ്ടിവരുന്ന മരാമത്ത് പ്രവൃത്തികളിൽ റീ -ടെൻഷൻ തുക ബില്ലുകളിൽ നിന്നും കുറവ് വരുത്തി പഞ്ചായത്തിന്റെ തനത് ഫണ്ടിൽ സൂക്ഷിച്ചുവരുന്നുണ്ട്. എന്നാൽ പ്രവൃത്തി പൂർത്തീകരിച്ച് അന്തിമ ബിൽ നല്കുമ്പോൾ ഇപ്രകാരം കുറവുവരുത്തി തനത് ഫണ്ടിൽ സൂക്ഷിച്ചിരിക്കുന്ന റീ-ടെൻഷൻ തുക കരാറുകാർക്ക് തിരികെ നല്കിവരുന്നില്ല. അന്തിമ ബിൽ നല്കുമ്പോൾ റീ-ടെൻഷൻ തുക കരാറുകാർക്ക് തിരികെ നല്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-8 ആസൂത്രണത്തിൽ അപാകം- പദ്ധതി ലക്ഷ്യംകൈവരിച്ചില്ല

എ)പ്രോജക്റ്റിൻെറ പേര് - ബി.പി.എൽ കുടുംബങ്ങൾക്ക് കുടിവെള്ള കണക്ഷൻ

നം. - SO247/18

അടങ്കൽ - (വികസനഫണ്ട് )500000

ചെലവ് - ബിൽ നം. 654103/247/16.11.17 – 120000
745091/247/12.1.2018 – 40000
875495/247/18.1.2018 – 25000
967406/247/1.2.2018 – 40000
1096631/247/8.3.2018 – 75000

നൂറ് ബി.പി.എൽ കുടുംബങ്ങൾക്ക് 5,000/-രൂപ വീതം ജല അതോറിറ്റിയുടെ കുടിവെള്ള പദ്ധതികളിൽ നിന്ന് കുടിവെള്ള കണക്ഷൻ എടുക്കുന്നതിനായി ആവിഷ്കരിച്ച പദ്ധതിയിൽ 60 ഗുണഭോക്താക്കൾക്ക് മാത്രമാണ് ആനുകൂല്യം നൽകിയിരിക്കുന്നത്.

ഗുണഭോക്തൃലിസ്റ്റിൽ ഗുണഭോക്താക്കൾ ഉണ്ടായിരിക്കെ പദ്ധതി വിഭാവനം ചെയ്തിരുന്നതിൻ പ്രകാരം പൂർണ്ണമായും നടപ്പിലാക്കാത്തതിന് കാരണം ആരാഞ്ഞുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 31ന് ലഭ്യമാക്കിയ മറുപടിയിൽ

മിക്ക ഗുണഭോക്താക്കളുടെയും വീടിനു മുന്നിലുള്ള റോഡിലൂടെ പൈപ്പ് ലൈൻ കടന്നു പോയിട്ടില്ലായെന്നും റോഡ് മുറിച്ച് കണക്ഷൻ എടുക്കുന്നതിന് വേണ്ടി വരുന്ന ചെലവ് ബി.പി.എൽ വിഭാഗക്കാരായ ഗുണഭോക്താക്കൾക്ക് താങ്ങാൻ കഴിയാത്തതുകൊണ്ടാണ് ഗുണഭോക്താക്കളുടെ എണ്ണത്തിൽ നടപ്പ സാമ്പത്തികവർഷം കുറവു വരാൻ കാരണമായതെന്നും റിപ്പോർട്ടു ചെയ്തിരിക്കുന്നു.

ബി) പ്രോജക്ട് നം. – 267

പേര് – പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി

അടങ്കൽ – വികസനഫണ്ട് (എസ്.സി.പി) 1300000
ചെലവ് – ബിൽ നം. 745939/267/11.12.2017 -300000

867425/267/18.1.2018 –
350000

104545/267/9.3.2018 – 100000
118812/267/9.3.2018 – 150000
268757/267/24.03.2018 – 350000
1250000

എസ്.സി വിഭാഗത്തിൽപ്പെട്ട പതിമൂന്ന് വിദ്യാർത്ഥികൾക്ക് പഠനസൗകര്യം മെച്ചപ്പെടുത്തുന്നതിനായി നൂറ് ചതുരശ്ര അടിയിൽ കവിയാത്ത പഠനമുറി പണിയുന്നതിന് യൂണിറ്റ് ഒന്നിന് 1,00,000/- രൂപ വീതം പതിമൂന്ന് പേർക്ക് 13,00,000/- രൂപ വകയിരുത്തിയിരുന്ന പദ്ധതിയിൽ ഗുണഭോക്തൃലിസ്റ്റിൽ നിന്നും പല ഗുണഭോക്താക്കൾക്കും മുൻഗണനാക്രമം മറികടന്ന് ആനുകൂല്യം നൽകിയതായി കാണുന്നു. ഉദാഹരണം വാർഡ് രണ്ടിൽ ഗുണഭോക്തൃലിസ്റ്റിൽ ആദ്യപേരുകാരിയായ ആതിര, നാലു സെൻറ് കോളനി, ചന്തക്കുന്ന്, നാലാം വാർഡിന്റെ ഗുണഭോക്തൃലിസ്റ്റിലെ ആദ്യപേരുകാരിയായ നീതു, നെല്ലിയോട്ടുകോണം, വടക്കുംകരവീട് എന്നീ ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകിയിട്ടില്ല. എട്ടാം വാർഡിൽ നീതു.ജി.എസ്. ചെല്ലാപ്പച്ച എന്ന ഗുണഭോക്താവിനെ മറികടന്ന് രണ്ടാം സ്ഥാനത്തുള്ള ശരത്, ശരത് ഭവൻ, കൊച്ചുവയൽ എന്ന ഗുണഭോക്താവിന് ആനുകൂല്യം നൽകിയിരിക്കുന്നു. ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി 31 ന് ലഭ്യമാക്കിയ മറുപടിയിൽ ആതിര, നാലു സെൻറ് കോളനി, ചന്തക്കുന്ന് എന്ന ഗുണഭോക്താക്കളുടെ മാതാപിതാക്കളുടെ പേരിലല്ല നിലവിൽ താമസിക്കുന്ന വീടിന്റെ ഉടമസ്ഥാവകാശം എന്നും നീതു ജി.എസ്, ചെല്ലാപ്പച്ച എന്ന ഗുണഭോക്താവിന്റെ ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ലായെന്നും അറിയിച്ചിരിക്കുന്നു.

ഗുണഭോക്തൃ തെരഞ്ഞെടുപ്പ് വേളയിൽ അർഹതാ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ അനർഹരെ ഒഴിവാക്കി അർഹരായവരുടെ കരട് ലിസ്റ്റ് തയ്യാറാക്കി അർഹരായവരിൽ നിന്ന് മുൻഗണനാ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ അർഹരായ മുഴുവൻ പേരെയും ഉൾപ്പെടുത്തി വേണം സ. ഉ.(എം.എസ്) 80/2017/lsgd dated 3.4.2017 പ്രകാരം ഗുണഭോക്തൃലിസ്റ്റ് തയ്യാറാക്കേണ്ടത്. എന്നാൽ മേൽ ഉത്തരവ് പ്രകാരമുള്ള മുഴുവൻ നടപടിക്രമങ്ങളും ഗുണഭോക്തൃലിസ്റ്റ് തയ്യാറാക്കുന്നതിൽ സൂക്ഷ്മതയോടെ പാലിച്ചിട്ടില്ലാത്തതിനാലാണ് ഇപ്രകാരം പദ്ധതികൾക്ക് ലക്ഷ്യം കൈവരിക്കാൻ കഴിയാത്തതെന്ന് വിലയിരുത്തുന്നു. ഭാവിയിൽ ഇത്തരം അപാകതകളുണ്ടാകാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-9 ചെലവു പത്രികയും യഥാർത്ഥ ചെലവും തമ്മിൽ പൊരുത്തപ്പെടുന്നില്ല

പേര് – പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പഠനമുറി

നം – SO268/18

അടങ്കൽ – വികസനഫണ്ട് 300000

ചെലവ് – ബിൽ നം. 745951/268/11.12.17- 150000

268750/268/24.3.18 – 1,00,000/-

376365/268/31.3.18 – 50,000/-

എസ്.റ്റി വിഭാഗത്തിൽപ്പെട്ട മൂന്ന് വിദ്യാർത്ഥികൾക്ക് പഠനസൗകര്യം മെച്ചപ്പെടുത്തുന്നതിനായി 100ചതുരശ്ര അടിയിൽ കവിയാത്ത പഠനമുറി പണിയുന്നതിന് യൂണിറ്റ് ഒന്നിന് ഒരു ലക്ഷം രൂപ വീതം വകയിരുത്തിയിരിക്കുന്ന പദ്ധതിയിൽ ബിൽ രജിസ്റ്റർ പ്രകാരം 3,00,000/- രൂപ ചെലവ് വന്നിട്ടുണ്ടെങ്കിലും എക്സ്പെൻഡിച്ചർ സ്റ്റേറ്റുമെൻറ് പ്രകാരം 2,50,000 രൂപയുടെ ചെലവ് മാത്രമേ വന്നിട്ടുള്ളൂ. ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം.31 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ഇപ്രകാരമുള്ള അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-10 വിനിയോഗസാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ തുക തടസ്സം ചെയ്യുന്നു

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ താഴെപ്പറയുന്ന പദ്ധതികളിൽ എഗ്രിമെൻറ് , വിനിയോഗസാക്ഷ്യപത്രം, കൈപ്പറ്റ് രസീത് എന്നിവ ലഭ്യമാക്കിയിട്ടില്ല

| പ്രോജക്ടിന്റെ പേര്, നം | വിശദാംശം | ചെലവ് തുക | റിമാർക്സ് |
|---|---|---|---|
| നം. so069/18<br>പാങ്ങോട് മാർക്കറ്റിലെ കംഫർട്ട് സ്റ്റേഷൻ വയറിംഗ്<br>അടങ്കൽ- വികസനഫണ്ട് 50000 | വയറിംഗ് നടത്തി വൈദ്യുത കണക്ഷൻ ലഭ്യമാക്കുന്നതിനായി pwd electrical division executive engineerക്ക് തുക ഡെപ്പോസിറ്റ് ചെയ്യുന്നു. | ബിൽ നം. 78799/23.8.17 : 50000/- | എഗ്രിമെൻറ്, വിനിയോഗ സാക്ഷ്യപത്രം എന്നിവയില്ല |
| നം. 70<br>പാങ്ങോട് മാർക്കറ്റ് കടമുറികൾക്ക് മീറ്റർ സ്ഥാപിക്കൽ<br>അടങ്കൽ- വികസനഫണ്ട് 240477 | pwd electrical division executive engineerക്ക് തുക ഡെപ്പോസിറ്റ് ചെയ്യുന്നു. | ബിൽ നം. 78800/22.9.18 : 223000/- | എഗ്രിമെൻറ്, വിനിയോഗ സാക്ഷ്യപത്രം എന്നിവയില്ല |
| No. SO146/18<br>എക്സ് കോളനി ജംഗ്ഷനിൽ ഹൈമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ<br>അടങ്കൽ- ധനകാര്യകമ്മീഷൻ ഗ്രാൻറ് 250000 | pwd electrical division executive engineerക്ക് തുക ഡെപ്പോസിറ്റ് ചെയ്യുന്നു. | ബിൽ നം. 15420/29.11.17 : 250000/- | എഗ്രിമെൻറ്, വിനിയോഗ സാക്ഷ്യപത്രം എന്നിവയില്ല |
| നം. SO157/18<br>വിവിധവാർഡുകളിൽ കേരള ജലഅതോറിറ്റി പൈപ്പ് ലൈൻദീർഘിപ്പിക്കൽ, പൊതുടാപ്പുകൾ സ്ഥാപിക്കൽ<br>അടങ്കൽ- വികസനഫണ്ട് (ധനകാര്യകമ്മീഷൻ അവാർഡ്) 1076640 | കേരള വാട്ടർ അതോറിറ്റിയിൽ തുക ഡെപ്പോസിറ്റ് ചെയ്യുന്നു. | ബിൽ നം. 12460/30.10.17 : 1076640 | എഗ്രിമെൻറ്, വിനിയോഗ സാക്ഷ്യപത്രം എന്നിവയില്ല |
| നം. 269<br>ജലശ്രീ- ജില്ലാപഞ്ചായത്തിന് വിഹിതം നൽകൽ<br>അടങ്കൽ- വികസനഫണ്ട് -100000 | ജില്ലാപഞ്ചായത്തിൽ തുക ഡെപ്പോസിറ്റ് ചെയ്യുന്നു. | ബിൽ നം. 687802/17.11.17 : 100000/- | വിനിയോഗ സാക്ഷ്യപത്രം ഇല്ല. |
| നം. 287<br>വിവിധവാർഡുകളിൽ ജലഅതോറിറ്റി പൈപ്പ് ലൈൻ നീട്ടൽ-രണ്ടാം ഘട്ടം<br>അടങ്കൽ- വികസനഫണ്ട് 468500, ധനകാര്യകമ്മീഷൻഗ്രാൻറ് 452384<br>തനത്ഫണ്ട് : 579116 | ജലഅതോറിറ്റിയിൽ തുക ഡെപ്പോസിറ്റ് ചെയ്യുന്നു. | ബിൽ നം. 311108/24.3.18 : 468500 | എഗ്രിമെൻറ്, വിനിയോഗ സാക്ഷ്യപത്രം എന്നിവയില്ല |

മേൽ പരാമർശിച്ചിട്ടുള്ള അപാകതകളുടെ അടിസ്ഥാനത്തിൽ ആകെ തുക 20,23,940/- രൂപ തടസ്സം ചെയ്യുന്നു.

## **3-11** <u>ഗുണഭോക്തൃലിസ്റ്റ്- സർക്കാർ നിർദ്ദേശം പാലിക്കുന്നില്ല</u>

പഞ്ചായത്തിരാജ്/നഗരപാലിക സ്ഥാപനങ്ങൾ സബ്സിഡിയും അനുബന്ധ വിഷയങ്ങളും സംബന്ധിച്ച സ.ഉ(എം.എസ്) നം.80/2017/lsgd. Dated 3.4.2017 പ്രകാരം ഗ്രാമസഭ അംഗീകരിച്ച മുൻഗണനാക്രമം മാറ്റാതെ ഭരണസമിതി അംഗീകാരം നൽകേണ്ടതാണ്. സമിതി അംഗീകരിച്ച ഓരോ വാർഡ്തല ലിസ്റ്റിലെയും ഗുണഭോക്താക്കളുടെ എണ്ണത്തെ തദ്ദേശഭരണസ്ഥാപനത്തിൽ തൻവർഷം ആനുകൂല്യം വിതരണം ചെയ്യുന്നതിന് പ്രോജക്ട് പ്രകാരമുള്ള ഗുണഭോക്താക്കളുടെ എണ്ണം കൊണ്ട് ഗുണിക്കുന്നതിനെ എല്ലാ വാർഡുതലത്തിലെയും ഗുണഭോക്താക്കളുടെ ആകെ എണ്ണം കൊണ്ട് ഭാഗിച്ചാൽ ഓരോ വാർഡിൽ നിന്നും തദ്ദേശഭരണസ്ഥാപന തലത്തിൽ ആനുകൂല്യം നൽകാവുന്ന ഗുണഭോക്താക്കളുടെ എണ്ണം കിട്ടും. ഇതിനെ മാർക്കിന്റെ മുൻഗണനാടിസ്ഥാനത്തിൽ പട്ടികപ്പെടുത്തി തദ്ദേശസ്ഥാപനതല ലിസ്റ്റ് ആക്കണം. ഇതായിരിക്കണം അടിസ്ഥാന ലിസ്റ്റ്. ഇതിൽ നിന്നും മാറ്റങ്ങൾ വരുത്തേണ്ടി വരുന്നെങ്കിൽ അതിന്റെ കാരണം വ്യക്തമായി രേഖപ്പെടുത്തി ഭരണസമിതി അംഗീകരിക്കണം. അംഗീകരിച്ച മുൻഗണനാ ലിസ്റ്റ് തദ്ദേശഭരണസ്ഥാപനത്തിന്റെ നോട്ടീസ് ബോർഡിലും വെബ്സൈറ്റിലും പ്രസിദ്ധീകരിക്കണം. വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കാത്ത ഗുണഭോക്തൃലിസ്റ്റിന് സാധുത ഉണ്ടായിരിക്കുന്നതല്ല.

എന്നാൽ പഞ്ചായത്തിന്റെ ഗുണഭോക്തൃലിസ്റ്റ് പരിശോധിച്ചതിൽ വാർഡ് അടിസ്ഥാനത്തിലുള്ള ഗുണഭോക്തൃലിസ്റ്റ് മാത്രമാണ് തയ്യാറാക്കിയതായി കാണുന്നത്. വെബ്സൈറ്റിലും അതേ ലിസ്റ്റ് തന്നെയാണ് ലഭ്യമാക്കിയിരിക്കുന്നത്. മേൽ ഉത്തരവിന്റെ അടിസ്ഥാനത്തിലുള്ള മാർക്കിന്റെ മുൻഗണനാടിസ്ഥാനത്തിൽ പട്ടികപ്പെടുത്തിയ തദ്ദേശസ്ഥാപന ലിസ്റ്റ് തയ്യാറാക്കിയതായി കാണുന്നില്ല. ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 32 ന് ലഭ്യമാക്കിയ മറുപടിയിൽ പഞ്ചായത്ത് തല ലിസ്റ്റാണ് നിർവ്വഹണ ഉദ്യോഗസ്ഥർക്ക് നൽകിയിരിക്കുന്നതെന്നാണ് അറിയിച്ചിരിക്കുന്നത്. എന്നാൽ അപ്രകാരമുള്ള ഗുണഭോക്തൃലിസ്റ്റ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ഓഡിറ്റ് എൻക്വയറി നം.40 ന് ലഭ്യമാക്കിയ മറുപടിയിൽ വാർഡ് തലത്തിൽ ക്രോഡീകരിച്ച ലിസ്റ്റാണ് പഞ്ചായത്തിൽ സൂക്ഷിച്ചിരിക്കുന്നതെന്നും എന്നാൽ പഞ്ചായത്ത്തല ലിസ്റ്റാണ് നിർവ്വഹണ ഉദ്യോഗസ്ഥർക്ക് നൽകിയിരിക്കുന്നതെന്നുമാണ് അറിയിച്ചിരിക്കുന്നത്. സർക്കാർ നിർദ്ദേശപ്രകാരമുള്ള പഞ്ചായത്ത് തല ഗുണഭോക്തൃലിസ്റ്റ് തയ്യാറാക്കി അർഹരായ മുഴുവൻ ഗുണഭോക്താക്കൾക്കും ആനുകൂല്യം ലഭിക്കുന്നുവെന്നുറപ്പ് വരുത്തേണ്ടതാണ്.

## 3-12 എൽ.ഇ.ഡി മിനിമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ- അപാകതകൾ

പ്രോജക്ടിൻെറ പേര് – പട്ടികവർഗ്ഗ കോളനിയിൽ എൽ.ഇ.ഡി മിനിമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ

നിർവ്വഹണഉദ്യോഗസ്ഥൻ – അസിസ്റ്റൻറ് സെക്രട്ടറി

നം. – 85

അടങ്കൽ – വികസനഫണ്ട് ടി.എസ്.പി 899927

ചെലവ് തുക – ബിൽ നം. 22/23.1.18 – 10800/-

32/19.3.18 – 781000/-

കക്കോട്ടുകുന്ന്, കൊച്ചടപ്പപാറ, വാഴോട്ടുകാല, ചെട്ടിയകൊന്ന കയം എന്നീ പട്ടികവർഗ്ഗ കോളനികളിൽ മിനിഹൈമാസ്റ്റ് ലൈറ്റ് സ്ഥാപിക്കുന്നതിനായി ആവിഷ്കരിച്ച പദ്ധതിയിൽ സർക്കാർ അംഗീകൃത ഏജൻസിയായ കേരളസ്റ്റേറ്റ് റൂട്രോണിക്സിൽ നിന്ന് AC Minimast (LED SERIES) 10mtr octogonal Minimast with 6x120w LED Lights ഒരെണ്ണത്തിന് 1,95,250/- രൂപ നിരക്കിൽ നാലെണ്ണം വാങ്ങിയിട്ടുണ്ട്. അസിസ്റ്റൻറ് സെക്രട്ടറിയും മാനേജിംഗ് ഡയറക്ടർ റൂട്രോണിക്സുമായി ചമച്ച കരാർ വ്യവസ്ഥ പ്രകാരം (നം. 01/2016-17 dated 28.1.2017) വിതരണം ചെയ്ത തീയതി മുതൽ പന്ത്രണ്ട് മാസത്തേയ്ക്കാണ് മിനിമാസ്റ്റ് ലൈറ്റുകൾക്ക് വാറണ്ടിയുള്ളത്. ഫയൽ പരിശോധിച്ചതിൽ 20.2.2017നാണ് മിനിമാസ്റ്റ് ലൈറ്റുകൾക്ക് പഞ്ചായത്ത് Acceptance Certificate നൽകിയിരിക്കുന്നത്. 26.5.2017ലെ A2-3626/17(3)-ാം നമ്പർ കത്തു പ്രകാരം പഞ്ചായത്ത് സെക്രട്ടറി മിനിഹൈമാസ്റ്റ് സ്ഥാപിക്കുന്നതിന് വനംവകുപ്പിന്റെ അനുമതി തേടുകയും ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറുടെ 30.6.2017ലെ ജി3.3410/2017ലെ കത്ത് പ്രകാരം അനുമതി ലഭിക്കുകയും ചെയ്തിട്ടുണ്ട്. 4.8.2017 നാണ് ഫോറസ്റ്റ് ഓഫീസറുടെ നിബന്ധനകൾ പാലിച്ചുകൊണ്ടുമാത്രമേ പ്രവൃത്തികൾ നടത്താവൂയെന്ന് കാണിച്ച് റൂട്രോണിക്സിന് സെക്രട്ടറി കത്തു നൽകിയിട്ടുണ്ട്. 19.10.2017 നാണ് കെ.എസ്.ഇ.ബിയ്ക്ക് വൈദ്യുതി കണക്ഷൻ ലഭ്യമാക്കുന്നതിലേക്കായി പഞ്ചായത്തിൽ നിന്നും കത്ത് നൽകിയിരിക്കുന്നത്. 25.1.2018ൽ വൈദ്യുതി കണക്ഷൻ നൽകിയിട്ടുള്ളതായി കെ.എസ്.ഇ.ബി സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. 28.6.2018ൽ ശ്രീമതി, ചിത്രകുമാരി. എസ്, അടപ്പപാറ വാർഡ് മെമ്പർ നൽകിയ കത്തിൽ കൊച്ചടപ്പപാറ, കക്കോട്ടുകുന്ന്, വാഴോട്ടുകാല എന്നീ പ്രദേശങ്ങളിൽ സ്ഥാപിച്ചിട്ടുള്ള മിനിമാസ്റ്റ് ലൈറ്റുകൾ ഒന്നും തന്നെ കത്തുന്നില്ലായെന്നും കത്തിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നും ആവശ്യപ്പെട്ടിരിക്കുന്നു.

20.2.2017ൽ പഞ്ചായത്തിൽ ലഭ്യമായ മിനിമാസ്റ്റ് ലൈറ്റുകൾക്ക് 25.1.2018ൽ മാത്രമാണ് വൈദ്യുതി കണക്ഷൻ ലഭ്യമാക്കി പ്രവർത്തനക്ഷമമാക്കിയിരിക്കുന്നത്. സ്ഥാപിച്ച് അഞ്ച് മാസം ആയപ്പോൾ തന്നെ മൂന്ന് സ്ഥലത്ത് സ്ഥാപിച്ചിരുന്നവ കേടായതായി റിപ്പോർട്ട് ചെയ്തിരിക്കുന്നു. മിനിമാസ്റ്റ് ലൈറ്റുകൾ സ്ഥാപിക്കുന്നതിൽ കാലതാമസം വരുത്തിയതിനാൽ കരാർ പ്രകാരം മെയിൻറനൻസിനുള്ള ഒരു വർഷ വാറണ്ടി കാലാവധിയും കഴിഞ്ഞു. മേൽ പറഞ്ഞിട്ടുള്ള മിനിമാസ്റ്റ് ലൈറ്റുകൾ ഒന്നും തന്നെ ആസ്തി രജിസ്റ്ററിൽ ചേർത്തിട്ടുമില്ല.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.14 ന് ലഭ്യമാക്കിയ മറുപടിയിൽ ഫോറസ്റ്റിന്റെ അനുമതി യഥാസമയം ലഭിക്കാത്തതിനാലാണ് മിനിമാസ്റ്റ് ലൈറ്റുകൾ സ്ഥാപിക്കുന്നതിന് കാലതാമസം ഉണ്ടായത് എന്നും വാർഡുമെമ്പറുടെ പരാതിയിൽ പറഞ്ഞിട്ടുള്ള വാഴോട്ടുകാലയിൽ ലൈറ്റുകൾ മെയിന്റനൻസ് കൂടാതെ തന്നെ കത്തുന്നുണ്ടെന്നും 3.7.2018ൽ ലൈറ്റുകൾ പ്രവർത്തനക്ഷമമാക്കുന്നതിന് റൂട്രോണിക്സിന് കത്ത് നൽകിയിട്ടുണ്ടെന്നും അറിയിച്ചിരിക്കുന്നു. 20.2.2017ൽ മിനിമാസ്റ്റ് ലൈറ്റുകൾ ലഭ്യമായതാണെങ്കിലും 26.5.2017ൽ മാത്രമാണ് അത് സ്ഥാപിക്കുന്നതിന് ഫോറസ്റ്റ് വകുപ്പിന്റെ അനുമതി തേടി പഞ്ചായത്ത് കത്തു നൽകിയിരിക്കുന്നത് എന്നതിനാൽ മറുപടി

അംഗീകരിക്കാനാവില്ല. ലൈറ്റുകൾ സ്ഥാപിച്ച് പ്രവർത്തനക്ഷമമാക്കുന്നതിന് കാലതാമസം വരുത്തിയതിനാൽ വാറണ്ടി പീരിഡ് കഴിഞ്ഞ മിനിമാസ്റ്റ് ലൈറ്റുകളുടെ മെയിന്റനൻസിനായി അധികതുക കണ്ടെത്തേണ്ടതായും വരുന്നു. കൃത്യമായ മോണിറ്ററിംഗിന്റെ അഭാവം മൂലമാണ് ഇപ്രകാരം അപാകത ഉണ്ടായതെന്ന് വിലയിരുത്തുന്നു. പൊതുമരാമത്ത്, ഊർജ്ജത്തിന്റെ വർക്കിംഗ് ഗ്രൂപ്പും വികസനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയും ഇത് സംബന്ധിച്ച് യാതൊരു തരത്തിലുള്ള വിലയിരുത്തലും നടത്തിയിട്ടുള്ളതായി മിനിട്സ് പരിശോധനയിൽ കാണുന്നില്ല. ഭാവിയിൽ ഇത്തരം അപാകതകളുണ്ടാകാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-13 സ്വകാര്യവ്യക്തിയുടെ പുരയിടത്തിൽ പഞ്ചായത്തിന്റെ സൗരോർജ്ജ ലൈറ്റ്

എ) പ്രോജക്റ്റിൻെറ പേര് - പട്ടികജാതികോളനിയിൽ സൗരോർജ്ജ ലൈറ്റ് സ്ഥാപിക്കൽ

നിർവ്വഹണ ഉദ്യോഗസ്ഥൻ - അസിസ്റ്റൻറ് സെക്രട്ടറി

നം. - 79

അടങ്കൽ - വികസനഫണ്ട് എസ്.സി.പി – 300000/-

ചെലവ് തുക - ബിൽ നം. 7/23.6.17 – 298000/-

10 പട്ടികജാതി കോളനികളിൽ സൗരോർജ്ജ ലൈറ്റ് സ്ഥാപിക്കുന്നതിനായി നടപ്പിലാക്കിയ പദ്ധതിയിൽ ചെല്ലാംപച്ച കോളനിയിൽ സ്ഥാപിക്കുന്ന സൗരോർജ്ജലൈറ്റ് ശ്രീമതി സാവിത്രി, വീട്ടു നമ്പർ 367ൻെറ വസ്തുവിൽ സ്ഥാപിക്കാൻ എസ്.സി പ്രൊമോട്ടർ റിപ്പോർട്ട് നൽകിയിട്ടുണ്ട്. പഞ്ചായത്തിന്റെ ആസ്തിയിൽ ഉൾപ്പെടുത്തേണ്ടുന്ന പ്രസ്തുത സൗരോർജ്ജലൈറ്റ് സ്വകാര്യ വ്യക്തിയുടെ വസ്തുവിൽ സ്ഥാപിക്കാനിടയായത് എപ്രകാരമാണെന്നും സൗരോർജ്ജലൈറ്റുകൾ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടുണ്ടോയെന്നും ആരാഞ്ഞുകൊണ്ട് നൽകിയ എൻക്വയറി 16 ന് ലഭ്യമാക്കിയ മറുപടിയിൽ ചെല്ലാംപച്ച കോളനിയിൽ സ്ഥാപിച്ച സൗരോർജ്ജലൈറ്റ് ശ്രീമതി സാവിത്രിയുടെ വീടിന് സമീപത്തുള്ള പൊതുവഴിയിലാണ് സ്ഥാപിച്ചിട്ടുള്ളത് എന്നാണ് അറിയാൻ കഴിഞ്ഞതെന്നും സൗരോർജ്ജലൈറ്റുകൾ ആസ്തിരജിസ്റ്ററിൽ ചേർത്തിട്ടില്ലായെന്നും അറിയിച്ചിരിക്കുന്നു. നിർവ്വഹണം നടത്തിയ ഉദ്യോഗസ്ഥയ്ക്ക പോലും സൗരോർജ്ജലൈറ്റുകൾ എവിടെയാണ് സ്ഥാപിച്ചതെന്ന് കൃത്യമായി അറിയാൻ കഴിയുന്നില്ലായെന്നുള്ളത് ഗുരുതരവീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു. 22.5.2017ലെ മോണിറ്ററിംഗ് കമ്മിററി റിപ്പോർട്ടിൽ പത്ത് പട്ടികജാതികോളനികളിൽ സ്ഥാപിച്ചിട്ടുള്ള സൗരോർജ്ജ ലൈറ്റുകളും പ്രവർത്തിക്കുന്നതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. എന്നാൽ സ്വകാര്യവ്യക്തിയുടെ പുരയിടത്തിലാണോ മേൽ പരാമർശിച്ചിട്ടുള്ള സൗരോർജ്ജ ലൈറ്റ് സ്ഥാപിച്ചിട്ടുള്ളതെന്നത് സംബന്ധിച്ച് പരാമർശം മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ടിലില്ല. സ്ഥാപിച്ചിട്ടുള്ള സൗരോർജ്ജലൈറ്റുകൾ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തേണ്ടതും ഭാവിയിൽ ഇത്തരം അപാകതകളുണ്ടാകാതിരിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

ബി)പ്രോജക്റ്റിൻെറ പേര് - പട്ടികജാതികോളനിയിൽ സൗരോർജ്ജ ലൈറ്റ് സ്ഥാപിക്കൽ

നം. - 89

അടങ്കൽ - വികസനഫണ്ട് എസ്.സി.പി – 150000/-

ചെലവ് തുക - ബിൽ നം. 8/23.6.17 – 149000/-

അഞ്ച് പട്ടികജാതികോളനികളിൽ സൗരോർജ്ജ ലൈറ്റ് സ്ഥാപിക്കുന്നതിനായി ആവിഷ്കരിച്ച പദ്ധതിയിൽ ഈട്ടി മുക്ക് കോളനിയിൽ സ്ഥാപിച്ചിട്ടുള്ള സൗരോർജ്ജ ലൈറ്റ് ബാബു, വീട്ടു നമ്പർ 570 എന്ന വ്യക്തിയുടെ വസ്തുവിൽ സ്ഥാപിക്കുവാനാണ് എസ്.സി പ്രൊമോട്ടർ ശുപാർശ ചെയ്തിരിക്കുന്നത്. മേൽ പദ്ധതി പ്രകാരം സ്ഥാപിച്ചിട്ടുള്ള സൗരോർജ്ജലൈറ്റുകൾ ആസ്തിരജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടുണ്ടോയെന്നും സ്വകാര്യവ്യക്തിയുടെ പുരയിടത്തിൽ സ്ഥാപിക്കാനിടയായതിന്റെ കാരണവും ആരാഞ്ഞുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 16 ന് ലഭ്യമാക്കിയ മറുപടിയിൽ ഈട്ടിമുക്ക് കോളനിയിൽ സ്ഥാപിച്ചിട്ടുള്ള ലൈറ്റ് പഞ്ചായത്തിന്റെ സ്ഥലത്ത് പഞ്ചായത്ത് കിണറിന് സമീപമാണ് സ്ഥാപിച്ചിട്ടുള്ളതെന്നും സൗരോർജ്ജലൈറ്റുകൾ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. സൗരോർജ്ജ ലൈറ്റുകൾ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും പഞ്ചായത്തിന്റെ ആസ്തികൾ നഷ്ടപ്പെടുന്നില്ലായെന്ന് ഉറപ്പു വരുത്തേണ്ടതുമാണ്.

## 3-14 ആശ്രയ ആരോഗ്യസേവനങ്ങൾ നൽകുന്നതിനുള്ള തുക കുടുംബശ്രീ അക്കൗണ്ടിൽ

പ്രോജക്റ്റ് നം. - 281/18

പേര് - ആശ്രയ ആരോഗ്യ സേവനങ്ങൾ നൽകൽ

അടങ്കൽ - വികസന ഫണ്ട് - 100000/-

ചെലവ് - ബിൽ നം. 17/25.9.17 - 100000/-

നിർവ്വഹണ ഉദ്യോഗസ്ഥ - അസിസ്റ്റൻറ് സെക്രട്ടറി

നിലവിൽ പഞ്ചായത്തിൽ അംഗീകാരം ലഭിച്ചിട്ടുള്ള ആശ്രയ രണ്ടാംഘട്ടം ഗുണഭോക്താക്കളുടെ ആരോഗ്യപരിചരണസേവനപ്രവർത്തനങ്ങൾക്കും മെഡിക്കൽ ക്യാമ്പ് നടത്തി ആശ്രയ ഗുണഭോക്താക്കളുടെ

രോഗനിർണ്ണയം നടത്തി മരുന്നുകൾ ലഭ്യമാക്കുന്നതിനും വേണ്ടി ആവിഷ്കരിച്ച പദ്ധതിയിൽ മേൽബിൽ പ്രകാരം ഒരു ലക്ഷം രൂപ പിൻവലിച്ചിട്ടുണ്ടെങ്കിലും ചെലവിൻെറ വിശദാംശം ലഭ്യമാക്കിയിട്ടില്ല. ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം.16 ന് ലഭ്യമാക്കിയ മറുപടിയിൽ മെഡിക്കൽ ക്യാമ്പ് നടത്തുന്നതിന് 7,200/-രൂപ ചെലവായിട്ടുണ്ടെന്നും ബാക്കി തുക കുടുംബശ്രീ ആശ്രയ അക്കൗണ്ടിൽ അവശേഷിക്കുന്നുണ്ടെന്നും അറിയിച്ചിട്ടുണ്ട്. ജി.ഒ(പി) 177/2006/Fin. Dated 12.4.2006, G.O(P) 119/2015/Fin dated 21.3.2015 എന്നിവ പ്രകാരം ഭാവിയിൽ ചെലവ് വരുമെന്ന നിഗമനത്തിൽ തുക മുൻ കൂറായി പിൻവലിക്കാൻ പാടില്ലായെന്നിരിക്കെ സമൂഹത്തിലെ ഏറ്റവും അവശരും ആദ്യം പരിഗണന ലഭിക്കേണ്ടവരുമായ ആശ്രയ ഗുണഭോക്താക്കളുടെ ആരോഗ്യസേവനങ്ങൾക്കായി വകയിരുത്തിയ തുക പിൻവലിച്ച് കുടുംബശ്രീ അക്കൗണ്ടിൽ നിക്ഷേപിച്ചിരിക്കുന്നത് ഗുരുതരവീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു. ചെലവായതായി പരാമർശിച്ചിട്ടുള്ള 7,200/-രൂപ 5.6.2018ൽ മെഡിക്കൽ ക്യാമ്പ് നടത്തുന്നതിനായാണ് ചെലവഴിച്ചിരിക്കുന്നത്. ഭാവിയിൽ ഇത്തരം അപാകതകളുണ്ടാകാതിരിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

മേൽ തുക അടിയന്തിരമായി ആശ്രയ ഗുണഭോക്താക്കൾക്ക് ഉപയോഗപ്രദമായി വിനിയോഗിക്കുകയോ സർക്കാരിലേയ്ക്ക് തിരിച്ചടയ്ക്കുകയോ ചെയ്യേണ്ടതാണ്.

## 3-15 സംയുക്ത പ്രോജക്ടുകൾ- സർക്കാർ നിർദ്ദേശം പാലിക്കണം

ഒന്നിലധികം തദ്ദേശഭരണ സ്ഥാപനങ്ങൾ പദ്ധതി വിഹിതം വകയിരുത്തി പ്രോജക്ടുകൾ നിർവഹണം നടത്തുമ്പോൾ സ്വീകരിക്കേണ്ട നടപടികൾ വ്യക്തമാക്കി, സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട് (G.O(Ms).No.72/17/lsgd dtd.29.03.2017 para.6.5, G.O(P).07/2017/fin dtd.23.01.2017) പ്രസ്തുത ഉത്തരവുകൾ പ്രകാരമുള്ള നടപടി ക്രമങ്ങളും ഗ്രാമപഞ്ചായത്ത് സ്വീകരിച്ച നടപടികളും ചുവടെ ചേർക്കുന്നു.

| സർക്കാർ നിർദ്ദേശം | ഗ്രാമ പഞ്ചായത്തിന്റെ നടപടികൾ |
|---|---|
| 1.സംയുക്ത പ്രോജക്ടിൽ പങ്കാളികളാകുന്ന തദ്ദേശ ഭരണ സ്ഥാപനങ്ങൾ പ്രസ്തുത പ്രോജക്ടുകളുടെ വിഭവ സ്രോതസുകൾ സംബന്ധിച്ച പത്രികകൾ തയ്യാറാക്കേണ്ടതാണ് | പത്രികകൾ തയ്യാറാക്കിയിട്ടില്ല |
| 2.കരട് പദ്ധതി രേഖ തയ്യാറാക്കുന്നതിന് മുൻപ് സംയുക്ത പ്രോജക്ടുകളെക്കുറിച്ച് ചർച്ച ചെയ്യാൻ ജില്ലാതല യോഗം ചേരേണ്ടതാണ് | നടപടി ക്രമം പാലിച്ചതിന് രേഖകളില്ല |
| 3.സംയുക്ത പ്രോജക്ടിൽ പങ്കാളികളാകുന്ന തദ്ദേശ ഭരണ സ്ഥാപനങ്ങൾ തമ്മിൽ കരാർ ചമയ്ക്കേണ്ടതാണ്. | നടപടി ക്രമം പാലിച്ചിട്ടില്ല |
| 4.സംയുക്ത പ്രോജക്ടിലെ മുഖ്യ പങ്കാളി വിശദമായ പ്രോജക്ട് തയ്യാറാക്കണം മറ്റ് പങ്കാളികൾ വിഭവം കൈമാറുന്നതിന് സഹായകമായ പ്രോജക്ട് തയ്യാറാക്കണം | നടപടി ക്രമം പാലിച്ചിട്ടുണ്ട് |
| 5.ഗ്രാമ, ബ്ലോക്ക്,ജില്ലാ പഞ്ചായത്തുകൾ വിഭവ വിതരണം നടത്തുന്നതും സ്വീകരിക്കുന്നതുമായ പ്രോജക്ടുകളുടെ പട്ടിക തയ്യാറാക്കി പരസ്പരം കൈമാറ്റം ചെയ്യണം | നടപടി ക്രമം പാലിച്ചിട്ടില്ല |
| 6.മുഖ്യപങ്കാളിയായ തദ്ദേശ ഭരണ സ്ഥാപനത്തിന് പ്രോജക്ട് നിർവഹണം തൻവർഷം നടത്താൻ കഴിയാത്ത പക്ഷം ഫണ്ട് തിരികെ നൽകി അടുത്ത സാമ്പത്തിക വർഷത്തെ സ്പിൽ ഓവർ ഗണത്തിൽ ഉൾപ്പെടുത്താൻ അപേക്ഷിക്കേണ്ടതാണ്. | നടപടി ക്രമം പാലിച്ചിട്ടില്ല |
| 7.സംയുക്ത പ്രോജക്ടുകളിൽ ജോയിന്റ് വെഞ്ചർ അക്കൗണ്ട് സൂക്ഷിക്കണം | നടപടി ക്രമം പാലിച്ചിട്ടുണ്ട് |
| 8. സംയുക്ത പ്രോജക്ടുകളുടെ ഫണ്ട് സെപ്റ്റംബർ 30 നകം നിർവഹണം നടത്തുന്ന തദ്ദേശ ഭരണ സ്ഥാപനത്തിന്റെ ജോയിന്റ് വെഞ്ചർ അക്കൗണ്ടിൽ ട്രാൻസ്ഫർ ചെയ്ത് നൽകണം | നടപടി ക്രമം പാലിച്ചിട്ടില്ല |
| 9.നിർവഹണം ഏറ്റെടുക്കുന്ന തദ്ദേശഭരണ സ്ഥാപനം ജോയിന്റ് വെഞ്ചർ അക്കൗണ്ട് മാർച്ച് 31ന് മുൻപ് റീകൺസിലിയേഷൻ നടത്തി ചെലവഴിക്കാത്ത/ചെലവഴിക്കാൻ കഴിയാത്ത തുക | നടപടി ക്രമം പാലിച്ചിട്ടില്ല |

| | |
|---|---|
| അതത് തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് കൈമാറണം | |

*സംയുക്ത പ്രോജക്ടുകളെ സംബന്ധിച്ച വിശദാംശം*

| ക്രമ നം | പ്രോജക്ട് നമ്പർ | ബ്ലോക്ക് വിഹിതം | ജില്ലാ പഞ്ചായത്ത് വിഹിതം | ചെലവഴിച്ച തുക | | ചെലവഴിക്കാത്ത/ ബാക്കി തുക | |
|---|---|---|---|---|---|---|---|
| | | | | ബ്ലോക്ക് വിഹിതം | ജില്ലാ പഞ്ചായത്ത് വിഹിതം | ബ്ലോക്ക് വിഹിതം | ജില്ലാ പഞ്ചായത്ത് വിഹിതം |
| 1 | 164/18 | 92750 | 92750 | 92750 | 92729 | 0 | 21 |
| 2 | 165/18 | 58150 | 58150 | 41500 | 0 | 16650 | 58150 |
| 3 | 68/18 | 300000 | 0 | 0 | 0 | 300000 | 0 |
| 4 | 45/18 | 0 | 1400000 | 0 | 317157 | 0 | 1082843 |
| 5 | 108/18 | 1100000 | 1400000 | 1100000 | 0 | 0 | 1400000 |
| 6 | 234/18 | 350000 | 0 | 0 | 0 | 350000 | 0 |
| ആകെ | | 1900900 | 2950900 | 1234250 | 409886 | 666650 | 2541014 |

ബ്ലോക്ക് വിഹിതമായ 6,66,650/- രൂപ തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് കൈമാറാതെ പഞ്ചായത്ത് ഫണ്ടിൽ നിലനിൽക്കുന്നു.

ജില്ലാ പഞ്ചായത്ത് വിഹിതമിനത്തിൽ പ്രോജക്ട് നം 165/18 ന് വകയിരുത്തിയ 58,150/- രൂപയും പ്രോജക്ട് നം 108/18 ന് വകയിരുത്തിയ 14,00,000/- രൂപയും ലഭ്യമായിട്ടില്ല ബാക്കി 10,82,864/- രൂപയും ലൈഫ് ഭവന പദ്ധതിക്ക് ലഭിച്ച 1,80,000/- രൂപയും ചേർത്ത് ആകെ 12,62,864/- രൂപയും കൈമാറാതെ ഫണ്ടിൽ നിലനിൽക്കുന്നു.

2017-18 സാമ്പത്തിക വർഷം ബ്ലോക്ക് വിഹിതമിനത്തിൽ ബാക്കിനിൽക്കുന്ന 6,66,650/- രൂപയും ജില്ലാ പഞ്ചായത്ത് വിഹിതമിനത്തിൽ ബാക്കിനിൽക്കുന്ന 12,62,864/- രൂപയും 2018-19 സാമ്പത്തിക വർഷം പ്രോജക്ടിൽ വകയിരുത്തിയതിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നം, പേര് | ബ്ലോക്ക് പഞ്ചായത്ത് വിഹിതം | ജില്ലാ പഞ്ചായത്ത് വിഹിതം |
|---|---|---|
| 146/19, ഭരതന്നൂർ മാർക്കറ്റിൽ മാലിന്യ സംസ്കരണ പ്ലാന്റ് | 300000 | |
| 181/19, വാഴോട്ടുകാല കുടിവെള്ള പദ്ധതി | 350000 | |
| 171/19, ബഡ്സ് സ്കൂൾ നിർമ്മാണം രണ്ടാം ഘട്ടം | | 1082843 |
| ആകെ | 650000 | 1082843 |

2017-18 സാമ്പത്തിക വർഷത്തിലെ ഈ ഇനത്തിലെ നീക്കിയിരിപ്പിൽ ബ്ലോക്ക് പഞ്ചായത്ത് വിഹിതത്തിൽ 1,66,650/- രൂപയും ജില്ലാപഞ്ചായത്ത് വിഹിതത്തിൽ 1,80,021/- രൂപയും 2018-19 സാമ്പത്തിക വർഷത്തിലും പദ്ധതികളിൽ ഉൾപ്പെടുത്തിയിട്ടില്ല.

സംയുക്ത പ്രോജക്ടുകളുടെ വിഭവ സമാഹരണം ഉറപ്പ് വരുത്തുന്നതിലും ലഭ്യമായ തുക നിയമാനുസൃതം അക്കൗണ്ട് ചെയ്ത് ചെലവഴിക്കുന്നതിലും ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിക്ക് വീഴ്ച സംഭവിച്ചിട്ടുണ്ട്. സംയുക്ത പ്രോജക്ടുകൾ പൂർണ്ണമായും സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ നിർവഹിക്കേണ്ടതാണ്.

## **3-16** <u>തെരുവ് വിളക്കുകൾ സംബന്ധിച്ച് കൃത്യമായകണക്കില്ലാതെ തുക ഒടുക്കുന്നതു മൂലം അധിക ചെലവുണ്ടാകുന്നു</u>

ഗ്രാമപഞ്ചായത്ത് 2017-18 വർഷത്തിൽ തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ്ജിനത്തിൽ ഒടുക്കിയ തുകയുടെ

വിവരം താഴെ കൊടുക്കുന്നു

| മാസം | ഒടുക്കിയ തുക |
|---|---|
| ഏപ്രിൽ 2017 | 39175 |
| മെയ്2017 | 39175 |
| ജൂൺ 2017 | 47377 |
| ജൂലൈ 2017 | 51699 |
| ഓഗസ്റ്റ് 2017 | 56269 |
| സെപ്റ്റംബർ 2017 | 47601 |
| ഒക്ടോബർ 2017 | 47680 |
| നവംബർ 2017 | 47617 |
| ഡിസംബർ 2017 | 47601 |
| ജനുവരി 2018 | 47601 |
| ഫെബ്രുവരി 2018 | 47601 |
| മാർച്ച് 2018 | 47821 |

തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ്ജ് കെ.എസ്.ഇ.ബി.യിൽ നിന്നും ലഭിച്ച ഡിമാന്റ് പ്രകാരമാണ് ഒടുക്കിയിട്ടുള്ളത്. തെരുവ് വിളക്കുകൾക്ക് മീറ്റർ സമ്പ്രദായം ഏർപ്പെടുത്തുകയോ കെ.എസ്.ഇ.ബി.യുമായി ചേർന്ന് സംയുക്ത പരിശോധന നടത്തുകയോ ചെയ്തിട്ടില്ല. ഇക്കാരണത്താൽ യഥാർത്ഥത്തിൽ പഞ്ചായത്തിൽ നിലവിൽ പ്രവർത്തിക്കുന്ന വിളക്കുകൾക്ക് തന്നെയാണോ തുക ഒടുക്കുന്നത് എന്നത് ഉറപ്പുവരുത്താൻ കഴിയുന്നില്ല. ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ തെരുവ് വിളക്ക് വൈദ്യുതി ചാർജ്ജിൽ മെയ് 2017, ജൂൺ 2017, ജൂലൈ 2017, ഓഗസ്റ്റ് 2017 എന്നീ മാസങ്ങളിൽ വലിയ രീതിയിൽ വർദ്ധനവുണ്ടാവുകയും തുടർന്നുള്ള മാസങ്ങളിൽ കൃത്യതയില്ലാതെ ഏറ്റകുറച്ചിലോടു കൂടിയാണ് ഒടുക്കിയിട്ടുള്ളത്. ഇത്തരത്തിൽ ഏറ്റക്കുറച്ചിൽ ഉണ്ടാകാനുള്ള വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 8/22.09.2018ന് കെ.എസ്.ഇ.ബി ഡിമാന്റ് ചെയ്ത പ്രകാരമുള്ള തുക ഒടുക്കുകയാണ് ചെയ്തതെന്നും വൈദ്യുത ചാർജ്ജിൽ വർദ്ധനവ് ഉണ്ടാകാനുള്ള കാരണം വ്യക്തമല്ലെന്നും മറുപടി ലഭിച്ചു.

07.07.2010-ലെ 43742/ഡി.സി.3/2010/ത.സ്വ.ഭ.വ സർക്കുലർ പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തെരുവു വിളക്കുകൾക്ക് മീറ്ററിംഗ് സമ്പ്രദായം ഏർപ്പെടുത്താൻ സർക്കാർ നിർദ്ദേശിച്ചിട്ടുണ്ടെങ്കിലും തെരുവ് വിളക്കുകൾക്ക് മീറ്ററിംഗ് സമ്പ്രദായം ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ എങ്ങുമെത്തിയിട്ടില്ല. തെരുവ് വിളക്കുകളുടെ മീറ്റർ സ്ഥാപിക്കുന്നതിന് 2017-2018ൽ പ്രോജക്ട് നം.7/18, തെരുവ് വിളക്കുകൾക്ക് ഇലക്ട്രിക് ലൈൻ മീറ്റർ സ്ഥാപിക്കൽ എന്ന പേരിൽ പദ്ധതി രൂപീകരിച്ചിരുന്നെങ്കിലും പദ്ധതി നടപ്പിലാക്കിയിട്ടില്ല. മീറ്ററേതര ചാർജിനത്തിൽ പെടുന്ന എൽ.റ്റി 8 (എ) എന്ന താരിഫിലാണ് വൈദ്യുതി ചാർജ് കെ.എസ്.ഇ.ബി ഈടാക്കിക്കൊണ്ടിരിക്കുന്നത്. എന്നാൽ മീറ്റർ സ്ഥാപിച്ചിട്ടുള്ള എൽ.റ്റി.8(ബി) എന്ന താരിഫിലാണ് വൈദ്യുതി ചാർജ് കണക്കാക്കുന്നതെങ്കിൽ ഉപയോഗത്തിനനുസരിച്ച് മാത്രം തുക നല്കിയാൽ മതിയാകും.

കെ.എസ്.ഇ.ബി യുടെ B.O.(FTD)No.1043/2017(KSEB/TRAC/Tarrif Revision /2017-18) Tvpm dated 21.04.17 പ്രകാരമുള്ള എൽ.ടി. 8(എ), എൽ.ടി. 8 (ബി) താരിഫ് റേറ്റ് ചുവടെ ചേർക്കുന്നു.

| LT – VIII (A) – Composite Tariff for Unmetered Street Lights (Revised Tariff w.e.f 18.04.2017) | | |
|---|---|---|
| TYPE OF LAMP | Watts (W) | Rs/Lamp/Month @ 12 Hours per day |
| Ordinary | 40 | 66 |
| Ordinary | 60 | 102 |
| Ordinary | 100 | 167 |
| Fluo. tube | 40 | 66 |

| | | |
|---|---|---|
| Fluo. tube | 80 | 134 |
| Flood light | 1000 | 1677 |
| MV Lamp | 80 | 143 |
| MV Lamp | 125 | 222 |
| MV Lamp | 160 | 286 |
| MV Lamp | 250 | 447 |
| MV Lamp | 400 | 714 |
| SV Lamp | 70 | 125 |
| SV Lamp | 80 | 143 |
| SV Lamp | 100 | 178 |
| SV Lamp | 125 | 222 |
| SV Lamp | 150 | 267 |
| SV Lamp | 250 | 447 |
| CFL | 11 | 16 |
| CFL | 15 | 22 |
| CFL | 18 | 26 |
| CFL | 22 | 32 |
| CFL | 30 | 44 |
| CFL | 36 | 53 |
| CFL | 44 | 64 |
| CFL | 72 | 105 |
| CFL | 144 | 210 |
| LED | 12 | 9 |
| LED | 18 | 14 |
| LED | 20 | 15 |
| LED | 24 | 20 |
| LED | 30 | 25 |
| LED | 40 | 30 |
| LED | 45 | 35 |

| LT – VIII (B) Tariff for Metered Street Lights and Traffic Signal Lights | | |
|---|---|---|
| Particulars | Pre-revised | Revised (w.e.f 18.04.2017) |
| a)Fixedcharge (Rs/ meter/month) | 30 | 40 |
| b) Energy Charge (Rs. per unit) | 3.6 | 3.9 |

എൽ.റ്റി 8 (എ), എൽ.റ്റി 8 (ബി) പ്രകാരം തുക ഈടാക്കുമ്പോൾ ചുവടെ പറയുന്ന വ്യത്യാസമുണ്ടാകുന്നു.

| എൽ.റ്റി 8 (എ) | എൽ.റ്റി 8 (ബി) |
|---|---|
| 12 മണിക്കൂർ ഉപയോഗിച്ചില്ലെങ്കിലും തുക ഒടുക്കേണ്ടി വരുന്നു | ഉപയോഗത്തിനനുസരിച്ച് മാത്രമേ ചാർജ്ജ് ഈടാക്കു |
| ഉപകരണങ്ങൾ പ്രവർത്തന രഹിതമായാലും തുക ഒടുക്കേണ്ടിവരുന്നു | പ്രവർത്തിക്കുന്നവയ്ക്ക് മാത്രമേ ചാർജ്ജ് ഈടാക്കു |
| അറ്റകുറ്റപ്പണിയോ മറ്റേതെങ്കിലും കാരണത്താലോ വൈദ്യുതി ബന്ധം തകരാറിലായാലോ പോലും ചാർജ്ജ് ഒടുക്കേണ്ടിവരുന്നു | ഉപയോഗത്തിൽ കുറവ് വരുന്നതിനാൽ ചാർജ്ജ് ഈടാക്കുന്നില്ല. |
| ചാർജ്ജ് ഈടാക്കുന്നതിലെ കൃത്യത പരിശോധിക്കുവാൻ പ്രയാസം നേരിടുന്നു | പ്രവർത്തിക്കുന്നതിനനുസരിച്ച മാത്രമേ ചാർജ്ജ് ഈടാക്കുന്നുള്ളൂ എന്ന് ഉറപ്പ വരുത്താൻ കഴിയുന്നു |

വൈദ്യുതി ചാർജ്ജിൽ വലിയ വ്യത്യാസമുണ്ടായിട്ടും ഇത് സംബന്ധിച്ച് വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചർച്ചചെയ്തതായി കാണുന്നില്ല. ഇക്കാര്യത്തിൽ തുടർനടപടികൾ സ്വീകരിക്കാൻ ഭരണസമിതി ശ്രദ്ധിക്കേണ്ടതാണ്. ഉപയോഗിക്കുന്ന വൈദ്യുതിക്ക് മാത്രമാണ് ചാർജ്ജ് നൽകുന്നതെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.

## 3-17 തെരുവ് വിളക്കുകളുടെ ആസ്തി രജിസ്റ്റർ സൂക്ഷിക്കുന്നില്ല

പഞ്ചായത്തിൽ തെരുവ് വിളക്കുകളുടെ ആസ്തി രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല. ഇക്കാരണത്താൽ ആകെ തെരുവ് വിളക്കുകളുടെ എണ്ണം, തരം എന്നിവയെ സംബന്ധിച്ച് യാതൊരു വ്യക്തതയുമില്ല. തെരുവ് വിളക്ക് ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള ആവശ്യകത തിട്ടപ്പെടുത്തുന്നതിനും ഇത് തടസ്സമാകുന്നുണ്ട്. ആവശ്യത്തിലധികം സാധനങ്ങൾ വാങ്ങി സൂക്ഷിച്ചാൽ അവയുടെ ഗ്യാരണ്ടി കാലാവധി തീരുന്നതിനു മുമ്പ് ഉപയോഗിക്കാൻ കഴിയാതെ വന്നേക്കാം. ആയതിനാൽ തെരുവു വിളക്കുകളുടെ ആസ്തി രജിസ്റ്റർ അടിയന്തിരമായി തയ്യാറാക്കേണ്ടതും അറ്റകുറ്റപ്പണി നടത്തുന്നതിന്റെ വിവരം രേഖപ്പെടുത്തിപ്പോരേണ്ടതുമാണ്.

## 3-18 തെരുവ് വിളക്ക് അറ്റകുറ്റപ്പണി-സംയുക്ത പരിശോധന നടത്തിയിട്ടില്ല- തെരുവ് വിളക്കുകൾ സംബന്ധിച്ച് ഗ്രാമപഞ്ചായത്തിന് കൃത്യമായകണക്കില്ല.

A)പ്രോജക്റ്റ് നം. – 29/18

പേര് – തെരുവുവിളക്കുകൾക്ക് വൈദ്യുതി ചാർജ്ജ് അടയ്ക്കൽ

അടങ്കൽ – മെയിൻറനൻസ് ഫണ്ട് (റോഡിതരം) – 5,00,000/-

ചെലവ് – ബിൽ നം. 25/14.11.2017 – 3,90,319/-

34/17.2.2018 – 1,09,681/-

B)പ്രോജക്ട് നം. – 62

പേര് – തെരുവുവിളക്കുകളുടെ അറ്റകുറ്റപ്പണികൾ

അടങ്കൽ – മെയിൻറനൻസ് ഫണ്ട് റോഡിതരം – 6,00,000/-

ചെലവ് – ബിൽ നം. 4/17 – 3,00,000/-

C)പ്രോജക്ട് നം. – 147

പേര് – തെരുവു വിളക്ക് സ്ഥാപിക്കുന്നതിന് അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ

അടങ്കൽ – തനത്ഫണ്ട് – 3,00,000/-

Instrument No. – 420721/8.2.18 – 4,720/-
420770/20.3.18 – 6,500/-
420771/20.3.18 – 9,100/-
420772/20.3.18 – 9,100/-

സർക്കുലർ നമ്പർ 3055/ഡി.എ/3/11തീയതി 15.09.2011ന്റെ ഖണ്ഡിക 2(ബി) പ്രകാരം തെരുവ് വിളക്കുകളുടെ വാർഷിക മെയിന്റനൻസ് കരാറിലേർപ്പെടുന്നതിന് മുമ്പ് കെ.എസ്.ഇ.ബിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തിയിരിക്കണമെന്നും ആ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മാത്രമായിരിക്കണം കരാർ എന്നും നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തിൽ തെരുവ് വിളക്കുകളുടെ സംയുക്തപരിശോധന നടത്തിയിട്ടില്ല. മാത്രമല്ല പഞ്ചായത്തിലെ ആകെ തെരുവ് വിളക്കുകളുടെ ഇനവും എണ്ണവും സംബന്ധിച്ച കൃത്യമായ കണക്കുകൾ ലഭ്യമല്ല. മേൽ പ്രോജക്ട് പ്രകാരം കരാറുകാരന് തുക നൽകിയിരിക്കുന്നത് വാർഡ് മെമ്പർമാർ നൽകിയ സാക്ഷ്യപത്രങ്ങളുടെ അടിസ്ഥാനത്തിൽ മാത്രമാണ്. കെ.എസ്.ഇ. ബി.യുമായി ചേർന്ന് സംയുക്ത പരിശോധന നടത്തി ആസ്തി രജിസ്റ്റർ തയ്യാറാക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-19 അംഗൻവാടികളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തണം

പഞ്ചായത്ത് പരിധിയിൽ ആകെ 32 അംഗൻവാടികളുണ്ട്. ഇതിൽ 5എണ്ണത്തിന് സ്വന്തമായി കെട്ടിടമില്ല. 6 എണ്ണത്തിന് ചുറ്റമതിൽ ഇല്ല. 2 എണ്ണത്തിന് ഭാഗികമായാണ് ചുറ്റമതിലുള്ളത്. കൂടാതെ 5 എണ്ണത്തിന് കുടിവെള്ള സൗകര്യമില്ല. അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും/ മെച്ചപ്പെടുത്തുന്നതിനുള്ള പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതാണ്.

ജി.ഒ.(എം.എസ്)4/2016/തസ്വഭവ/11.01.2016 (iii) പ്രകാരം അങ്കണവാടികളിൽ നിന്ന് യഥാർത്ഥത്തിൽ പോഷകാഹാരം/ ഭക്ഷണം സ്വീകരിക്കുന്നവരുടെ എണ്ണവും നൽകുന്നവയുടെ ഗുണനിലവാരവും കൂടെ പരിശോധനയ്ക്ക് വിധേയമാക്കണം. ഇതിനായി അങ്കണവാടി വെൽഫെയർ കമ്മിറ്റിക്ക് പുറമേ ഗ്രാമസഭ അംഗങ്ങളിൽ നിന്ന് പൊതുസമ്മതരായ അഞ്ച് പേരടങ്ങുന്ന ഒരു നിരീക്ഷണ കമ്മിറ്റി രൂപീകരിക്കണം. ഈ കമ്മിറ്റി മാസത്തിൽ കുറഞ്ഞത് ഒരുതവണയെങ്കിലും വാർഡിലുള്ള അങ്കണവാടികൾ സന്ദർശിക്കേണ്ടതും പോഷകാഹാരം / ഭക്ഷണം സ്വീകരിക്കുന്നവരുടെ യഥാർത്ഥ കണക്കും ഗുണനിലവാരവും സംബന്ധിച്ച റിപ്പോർട്ട് ഗ്രാമപഞ്ചായത്തിന് സമർപ്പിക്കേണ്ടതുമാണ്. ഓരോ അംഗൻവാടികൾക്കും വെൽഫയർ കമ്മിറ്റികളും വാർഡ്തല സോഷ്യൽ ഓഡിറ്റ് ടീമുകളും പദ്ധതി മോണിറ്ററിംഗ് നടത്തിയിട്ടുണ്ടെങ്കിലും റിപ്പോർട്ട് തയ്യാറാക്കി പഞ്ചായത്തിന് സമർപ്പിച്ചിട്ടില്ല. സർക്കാർ നിർദ്ദേശം പാലിക്കേണ്ടതാണ്.

## 3-20 ശമ്പള പരിഷ്കരണ കുടിശ്ശിക – ജീവനക്കാരുടെ പെൻഷൻ കോൺട്രിബ്യൂഷൻ അടവാക്കിയില്ല

സ. ഉ (പി)7/2016/ഫിൻ തീ. 20.01.2016 പ്രകാരം ജീവനക്കാരുടെ ശമ്പളം പരിഷ്കരിക്കുന്നതിനും, 07/2014 മുതൽ 01/2016 വരെയുള്ള ശമ്പള കുടിശ്ശിക 4 ഗഡുക്കളായി പ്രോവിഡന്റ് ഫണ്ടിൽ ലയിപ്പിക്കുന്നതിനും ഉത്തരവായിട്ടുണ്ട്. ഇത് പ്രകാരം ഗ്രാമപഞ്ചായത്തിലെ ജീവനക്കാരുടെ ശമ്പളം പരിഷ്കരിക്കുകയും 2017-18 സാമ്പത്തികവർഷത്തിൽ ജീവനക്കാരുടെ ശമ്പളകുടിശ്ശികയുടെ 1, 2 ഗഡുക്കൾ നൽകുകയും ചെയ്തിട്ടുണ്ട്. എന്നാൽ ഇതിൽ രണ്ടാം ഗഡുമാത്രമാണ് പ്രോവിഡന്റ് ഫണ്ടിൽ ലയിപ്പിച്ചിട്ടുള്ളത്.

വിശദാംശം ചുവടെ ചേർക്കുന്നു.

| ഗഡു | വൗച്ചർ നം, തീയതി | തുക |
|---|---|---|
| I | 21700021/07.05.2017 | 269032 |

| | | |
|---|---|---|
| II | 21700619 / 13.11.2017 | 100871 |
| II | 21700620 / 13.11.2017 | 122164 |

മേൽ ഉത്തരവിലെ ഖണ്ഡിക 48 പ്രകാരം ജീവനക്കാരുടെ പെൻഷൻ കോൺട്രിബ്യൂഷൻ (7/2014 മുതൽ പരിഷ്കരിച്ച ശമ്പള നിരക്കിലുള്ളത്) അടവാക്കേണ്ടതാണ് എന്ന് നിഷ്കർഷിക്കുന്നുണ്ട്. എന്നാൽ ഇത്തരത്തിൽ തുക അടവാക്കിയിട്ടില്ല.

സർക്കാർ ഉത്തരവിലെ നിർദ്ദേശങ്ങൾക്കനുസൃതമായി 01.04.2013ന് മുമ്പ് സർവ്വീസിൽ പ്രവേശിച്ചതും, മേൽകാലയളവിൽ ശമ്പള പരിഷകരണ കുടിശ്ശികയുടെ 1,2 ഗഡുക്കൾ പ്രോവിഡന്റ് ഫണ്ടിൽ ലയിപ്പിക്കപ്പെട്ടതുമായ എല്ലാ ജീവനക്കാരുടെയും പെൻഷൻ കോൺട്രിബ്യൂഷൻ തുക അടവാക്കി വിവരം അറിയിക്കേണ്ടതാണ്.

ഇത്രയും തുക പെൻഷൻ കോൺട്രിബ്യൂഷൻ ഇനത്തിൽ അടവാക്കേണ്ടിയിരുന്നിട്ടും, ഇത് 2017-18, ബജറ്റിൽ വകയിരുത്തുകയോ, അടവാക്കുകയോ ചെയ്തിട്ടില്ല. ശമ്പള പരിഷ്കരണ അരിയർ ബിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പരിശോധിച്ചപ്പോൾ ബജറ്റിൽ തുക വകയിരുത്തിയത് ശ്രദ്ധിച്ചിട്ടില്ല. തുക ചെലവഴിക്കാൻ സപ്ലിമെന്ററി ബജറ്റ് തയ്യാറാക്കി, തുക സർക്കാരിലേക്ക് അടവാക്കേണ്ടതാണ്.

## 3-21 ഗ്രാമ പഞ്ചായത്തിന്റെ വാഹന ഇൻഷ്വറൻസ് കേരള സംസ്ഥാന ഇൻഷ്വറൻസ് വകുപ്പിനെ ഏൽപ്പിക്കുന്നില്ല.

ഗ്രാമ പഞ്ചായത്തിന്റെ അധീനതയിലുള്ള KL 21 A 4934 ബൊലേറോ ജീപ്പിന്റെ ഇൻഷ്വറൻസ് ചുവടെ പറയുന്ന പ്രകാരം ഒടുക്കിയിട്ടുണ്ട്.

| വൗച്ചർ നം | ചെക്ക് നം, തീയതി | സ്ഥാപനം | തുക |
|---|---|---|---|
| 21700214 | 197678, 14.06.17 | ന്യൂ ഇന്ത്യ ഇൻഷ്യൂറൻസ് | 12,200/- |

സർക്കാർ സ്ഥാപനങ്ങളുടെ എല്ലാ ഇൻഷ്വറൻസ് ഇടപാടുകളും കേരള സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ് മുഖേന നടത്തണമെന്ന് കേരള സർക്കാരിന്റെ 18.04.2000 ലെ ജി.ഒ.(പി) നം.819/2000 ഉത്തരവു പ്രകാരം നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ ഇത്തരത്തിൽ വാഹനത്തിന്റെ ഇൻഷ്വറൻസ് ഇടപാടുകൾ സംസ്ഥാന ഇൻഷ്വറൻസ് വകുപ്പിനെ ഏൽപ്പിച്ചിട്ടില്ല. ഭാവിയിൽ ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള വാഹനങ്ങളുടെ ഇൻഷ്വറൻസ് ഇടപാടുകൾ സംസ്ഥാന ഇൻഷ്വറൻസ് വകുപ്പിനെ ഏൽപ്പിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 3-22 മുൻ സാമ്പത്തിക വർഷത്തെ ചെലവുകൾ അടുത്ത സാമ്പത്തിക വർഷം നടത്തുന്നു

2016-17 സാമ്പത്തിക വർഷത്തിൽ നടത്തിയ ചെലവുകളുടെ ബില്ലുകൾ റീ ഇംബേഴ്സ്മെന്റിനായി 2017-18 വർഷത്തിലാണ് പഞ്ചായത്തിൽ സമർപ്പിച്ച് ചെലവ് നടത്തുന്നത്.

| ക്രമ നം | വൗച്ചർ നം | ചെക്ക് നം | തീയതി | തുക | ഉദ്ദേശ്യം | റിമാർക്ക്സ് |
|---|---|---|---|---|---|---|
| 1 | 21700153 | 196667 | 25.5.2017 | 2130 | ടാക്സിറെന്റ് (ഫീൽഡ് ഇമ്മ്യൂണൈസേഷൻ) | 22.11.16, 13.12.16, 20.12.16, 23.12.16 എന്നീ തീയതിയിലെ ബില്ലുകൾ |
| 2 | 21700154 | 197667 | 25.5.2017 | 885 | കറണ്ട് ചാർജ്ജ് (fwc bharathanoor, fwc pangode, | 15.12.16, 13.12.16, 27.12.16 എന്നീ |

| | | | | | | |
|---|---|---|---|---|---|---|
| | | | | | fwc vatakakaikak) | തീയതിയിലെ ബില്ലുകൾ |
| 3 | 21700155 | 197667 | 25.5.2017 | 761 | ടെലഫോൺ ചാർജ്ജ് | 23.11.16 ലെ ബിൽ |
| 4 | 21700156 | 197667 | 25.5.2017 | 303 | സ്റ്റേഷനറി ചെലവ് | 6.12.16 ലെ ബിൽ |
| 5 | 21700157 | 197667 | 25.5.2017 | 500 | ഡീസൽ പി.എച്ച്.സി | 27.12.16 ലെ ബിൽ |
| 6 | 21700158 | 197667 | 25.5.2017 | 170 | അൺലോഡിംഗ് ചാർജ്ജ് - മെഡിസിൻ | 24.11.16 ലെ ബിൽ |
| 7 | 21700323 | 364608 | 08.01.2017 | 41789 | ഹോമിയോ ഹോസ്പിറ്റൽ വാടക | 9/2016 മുതൽ 7/2017 വരെ |

മുൻ സാമ്പത്തിക വർഷത്തെ ചെലവുകൾ അടുത്ത സാമ്പത്തിക വർഷം നടത്തുന്ന പ്രവണത നിരുത്സാഹപ്പെടുത്തേണ്ടതാണ്.

## 3-23 അംഗൻവാടികൾക്ക് കുടിവെള്ള കണക്ഷൻ– വാട്ടർ അതോറിറ്റിയിൽ നിന്ന് തുക തിരികെ ഈടാക്കേണ്ടതാണ്

പ്രോജക്ടിന്റെ പേര് - അംഗൻവാടികൾക്ക് കുടിവെള്ള കണക്ഷൻ

നം - SOO63/18

അടങ്കൽ - മെയിൻറനൻസ് ഫണ്ട്(റോഡിതരം) – 200000/-

ചെലവ് - ബിൽ നം. 24305 proj.63, drinking water scheme/8.8.17 – 200000/-

ചെക്ക് നം. -2552272/13.9.17 – 2000/-

അംഗൻവാടികൾക്ക് കുടിവെള്ള കണക്ഷൻ നൽകുന്നതിനായി ആവിഷ്കരിച്ച പദ്ധതിയിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

എ) പ്രോജക്ട് പ്രകാരം അടങ്കൽ തുക രണ്ടുലക്ഷം രൂപയായിരിക്കേ പ്രോജക്ട് റിവൈസ് ചെയ്യാതെ തന്നെ 202000 രൂപ പദ്ധതിയിനത്തിൽ ചെലവഴിച്ചു.

ബി) വാട്ടർ അതോറിറ്റിയുമായി കരാറിലേർപ്പെടാതെ തുക ഡെപ്പോസിറ്റ് ചെയ്തു .

സി) കേരള വാട്ടർ അതോറിറ്റി നൽകിയ Memo of cost പ്രകാരം (22.5.2018/ kwa/Hwd/DB3-727/16 പ്രകാരം) പ്രസ്തുത പദ്ധതിയ്ക്കായി 1,72,777/- രൂപ ചെലവായതായും 29,223/- രൂപ അവശേഷിക്കുന്നതായും അറിയിച്ചിട്ടുണ്ട്.

ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 6 ന് ലഭ്യമാക്കിയ മറുപടിയിൽ 2016/17ൽ ഏറ്റെടുത്തിരുന്ന പദ്ധതി സ്പിൽ ഓവർ ആയിട്ടാണ് 2017/18ൽ നടപ്പിലാക്കിയതെന്നും 2,02,000/- രൂപയുടെ എസ്റ്റിമേറ്റ് ആണ് വാട്ടർ അതോറിറ്റിയിൽ നിന്ന് ലഭിച്ചതെന്നും എന്നാൽ സ്പിൽ ഓവർ പദ്ധതിയായതിനാൽ ഭേദഗതി ചെയ്യാൻ സാധിക്കാത്തതിനാൽ കമ്മിറ്റി തീരുമാന പ്രകാരമാണ് ചെലവഴിച്ചതെന്നറിയിച്ചിരിക്കുന്നു, വിനിയോഗസാക്ഷ്യപത്ര പ്രകാരമുള്ള ബാക്കി തുക തിരികെ ലഭിക്കുന്നതിനായി കേരള വാട്ടർ അതോറിറ്റിയ്ക്ക് കത്ത് നൽകിയിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്. തുക തിരികെ ലഭ്യമാക്കി റിപ്പോർട്ട് ചെയ്യേണ്ടതാണ്

## 3-24 മരുന്നുകൾ ലഭിക്കുന്നതിനു മുൻപേ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തുന്നു.

| | |
|---|---|
| പ്രോജക്ട് നം | 192/17-18 |
| പേര് | ആയുർവേദ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ |
| അടങ്കൽ | 600000/- (മെ.ഫ റോഡിതരം) |
| ചെലവ് | 600000/- (മെ.ഫ റോഡിതരം) |

| | |
|---|---|
| ബിൽ നം, തീയതി | 2/ 11.10.17 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി |

ആയുർവേദ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ പ്രോജക്റ്റ് പ്രകാരം, ഔഷധിയിൽ നിന്ന് ഇൻവോയിസ് ലഭിക്കുമ്പോൾ തന്നെ അത് പ്രകാരമുള്ള മരുന്നുകൾ സ്റ്റോക്ക് രജിസ്റ്ററിൽ "short"എന്ന് രേഖപ്പെടുത്തി കണക്കിലെടുക്കുന്നു. മരുന്നുകൾ യഥാർത്ഥത്തിൽ കൈപ്പറ്റുമ്പോൾ സ്റ്റോക്കിൽ വീണ്ടും രേഖപ്പെടുത്തുകയും ചെയ്യുന്നു. ഭാവിയിൽ ഇത്തരം പ്രവണതകൾ ഒഴിവാക്കേണ്ടതാണ്. ഇൻവോയിസ് പ്രകാരമുളള മരുന്നുകൾ കൈപ്പറ്റിയതിനു ശേഷം മാത്രമേ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്താവൂ.

## 3-25 തുല്യതാ പഠനം-കോഴ്സ് ഫീസ് അധികം നൽകി.

പ്രോജക്ടിന്റെ പേര് - തുല്യതാ പഠനം

നം. - 179/2017-18

അടങ്കൽ - തനത്ഫണ്ട് .1,30,000

ചെലവ് തുക - NEFT – 1,28,700

നിർവഹണ ഉദ്യോഗസ്ഥൻ -ഹെഡ്മാസ്റ്റർ

സർക്കുലർ നം.48360/എഫ്.എം.1/2009/ത.സ്വ.ഭ.വ തീ.06.10.2009 പ്രകാരം പത്താം ക്ലാസ്സ് തുല്യതാ കോഴ്സിന്റെ കോഴ്സ് ഫീസും പരീക്ഷാ ഫീസും ഉൾപ്പെടെ ആകെ 1,700/-രൂപയാണ് (1200+500). എന്നാൽ ഇവിടെ 1,850/- രൂപയാണ് കോഴ്സ് ഫീസായി കേരള സാക്ഷരതാ മിഷന് നൽകിയിട്ടുളളത്. ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം.18 ന് നൽകിയ മറുപടിയിൽ സാക്ഷരതാ മിഷന്റെ പ്രോസ്പെക്ടസ് പ്രകാരമാണ് ടി തുക നൽകിയിട്ടുള്ളത് എന്നാണ് അറിയിച്ചിട്ടുള്ളത്. ബന്ധപെട്ട രേഖകളുടെ അഭാവത്തിൽ 4050/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-26 അംഗീകൃത സ്പോർട്സ് ക്ലബ്ബുകൾക്ക് അധിക തുകയ്ക്കുളള സ്പോർട്സ് കിറ്റ് നൽകി.

പ്രോജക്ടിന്റെ പേര് - അംഗീകൃത സ്പോർട്സ് ക്ലബ്ബുകൾക്ക് സ്പോർട്സ് കിറ്റ്

നം. - 170/2017-18

അടങ്കൽ - തനത്ഫണ്ട് – 100000

ചെലവ് തുക - ബിൽ നം. 5/06.03.2018 – 50000/-

നിർവഹണ ഉദ്യോഗസ്ഥൻ -ഹെഡ്മാസ്റ്റർ

പ്രസ്തുത പദ്ധതി പ്രകാരം 5 ക്ലബ്ബുകൾക്ക് 10,000/-രൂപയുടെ ഉപകരണങ്ങൾ വീതം നൽകിയിട്ടുണ്ട്. എന്നാൽ G.O(Ms)No.80/2017/LSGD dtd:03.04.2017 സബ്സിഡി മാർഗ്ഗരേഖ ഖണ്ഡിക 32.10 പ്രകാരം രജിസ്റ്റേർഡ് യുവജന ക്ലബുകൾക്ക് 2,000/- രൂപയിൽ അധികരിക്കാത്ത സ്പോർട്ട്സ് ഉപകരണങ്ങളേ നൽകാൻ പാടുള്ളൂ. എന്നാൽ ഈ പ്രോജക്ട് പ്രകാരം 10,000/- രൂപയുടെ ഉപകരണങ്ങൾ വീതം 5 ക്ലബുകൾക്ക് നൽകിയിട്ടുണ്ട്. ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം.18 ന് നൽകിയ മറുപടിയിൽ പഞ്ചായത്ത് ഭരണസമിതിയും,ഡി.പി.സിയും അംഗീകരിച്ച പ്രോജക്ട് എന്നാണ്. ഭാവിയിൽ ഇത്തരം പ്രോജക്ടുകൾ തയ്യാറാക്കുമ്പോൾ സബ്സിഡി മാർഗ്ഗരേഖ പാലിക്കേണ്ടതാണ്.

## 3-27 ലൈഫ് ഭവന പൂർത്തീകരണം

പ്രോജക്ടിന്റെ പേര് - ലൈഫ് ഭവനപൂർത്തീകരണം (എസ്.സി.പി)

നം. - SO300/18

അടങ്കൽ - വികസനഫണ്ട് – 1,35,000/-

ചെലവ് - ബിൽ നം. 1099099/300/8.3.2018 – 75,000/-

1279527/300/24.3.2018 – 12,000/-

പ്രസ്തുത പദ്ധതിയിൽ അടങ്കൽ തുകയായി വികസനഫണ്ട് 1,35,000/- രൂപ മാത്രമാണ് വകയിരുത്തിയിരിക്കുന്നത്.

എന്നാൽ പദ്ധതിയുടെ അധികവിവരത്തിൽ 2017-18 വർഷത്തെ ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തി പണി പൂർത്തീകരിക്കാത്ത ഒരു എസ്.സി ഗുണഭോക്താവിന് സർക്കാർ ഉത്തരവ് പ്രകാരം ലഭിക്കേണ്ട 180000 രൂപയിൽ ബാങ്കിൽ അവശേഷിക്കുന്ന 45,000/- രൂപ കിഴിച്ച് 1,35,000/- രൂപ പാങ്ങോട് ഗ്രാമപഞ്ചായത്തിൻെറ വികസനപദ്ധതിയിൽ നിന്നും വകയിരുത്തിയിരിക്കുന്നതായി പരാമർശിച്ചിരിക്കുന്നു. എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെൻറിലും വകയിരുത്തിയിരിക്കുന്ന തുകയിൽ ആയത് ഉൾപ്പെടുത്തിയിട്ടില്ല. വി.ഇ.ഒ.യുടെ അക്കൗണ്ടിൽ നിന്നും 11.4.2018ൽ 45,000/- രൂപ ചെലവ് വന്നിട്ടുണ്ട്. അടങ്കൽ തുകയിൽ വി.ഇ.ഒയുടെ അക്കൗണ്ടിലെ തുക വകയിരുത്തിയിരുന്നത് ഉൾപ്പെടുത്താത്തതിന് കാരണം ആരാഞ്ഞുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ 2009-10ലെ പ്രോജക്ട് പ്രകാരം അവശേഷിച്ച തുകയിൽ നിന്ന് ടി ഗുണഭോക്താവിന് ലഭിക്കേണ്ട തുകയായ 45,000/- രൂപ ചെക്ക് മുഖാന്തിരം മാറി നൽകുകയും ലൈഫ് പദ്ധതി പ്രകാരം നാലു ലക്ഷത്തിലേക്ക് സബ്സിഡി തുക മാറ്റുമ്പോൾ ടിയാളിന് ലഭിക്കേണ്ട 1,80,000/- രൂപ അക്കൗണ്ടിൽ നിന്ന് അവശേഷിക്കുന്നതായ 45,000/- രൂപ കിഴിച്ച് ബാക്കി തുകയായ 1,35,000/- രൂപ പ്രോജക്ടിൽ വകയിരുത്തുകയാണുണ്ടായത് എന്നറിയിച്ചിരിക്കുന്നു. 2009-10ൽ നടപ്പിലാക്കിയ ടി പദ്ധതിയിൽ ഒരു തവണ പ്രോജക്ട് വച്ച് ബാങ്ക് നിക്ഷേപമായി കിടന്നതു കൊണ്ടാണ് പദ്ധതിയുടെ അടങ്കലിൽ ഉൾപ്പെടാതെ വന്നിട്ടുള്ളതെന്നും മറുപടി ലഭ്യമാക്കിയിരിക്കുന്നു. ലഭ്യമാക്കിയ ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരം 25.9.2018ൽ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയിൽ 6,48,674/-രൂപ വി.ഇ.ഒയുടെ അക്കൗണ്ടിൽ അവശേഷിക്കുന്നുണ്ട്. ജി.ഒ.(പി.)177/2006/ധനം/12.4.2006 , ജി.ഒ.(പി.)119/2015/ധനം/ 21.3.2015 എന്നിവ പ്രകാരം ഓരോ മാസവും അവസാനം വിതരണം ചെയയാനാകാതെ 30 ദിവസത്തിലധികമായി സൂക്ഷിച്ചിരിക്കുന്ന ക്യാഷ്/ഡിഡി തുകകൾ ട്രഷറി ചെലാൻ മുഖേന തിരിച്ചടയ്ക്കേണ്ടതാണ്. ആയതിനാൽ പ്രസ്തുത തുക അടിയന്തിരമായി സർക്കാരിലേക്ക് തിരികെ ഒടുക്ക വരുത്തേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 8500 | നെൽകൃഷി വികസനം | 8500 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 42500 | പച്ചക്കറികൃഷി വികസനം | 42500 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 17000 | കരനെൽകൃഷി വികസനം | 17000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 20400 | ജൈവസമൃദ്ധി | 20400 | 0 |
| ജില്ലാ പഞ്ചായത്ത് | 2017-18 | 20400 | ജൈവസമൃദ്ധി | 20400 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 92750 | മാനസികവെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 92750 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 58150 | ശാരീരിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 41500 | 16650 |
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 350000 | വാഴോട്ടുകാല കുടിവെള്ള പദ്ധതി | 0 | 350000 |
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 300000 | പാലിന് സബ്സിഡി | 300000 | 0 |
| ജില്ലാ പഞ്ചായത്ത് | 2017-18 | 92750 | മാനസിക വെല്ലുവിളി നേരിടുന്നവർക്ക് | 92729 | 21 |

| | | | | | |
|---|---|---|---|---|---|
| | | | സ്കോളർഷിപ്പ് | | |
| ജില്ലാ പഞ്ചായത്ത് | 2017-18 | 58150 | ശാരീരിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 0 | 58150 |
| ജില്ലാ പഞ്ചായത്ത് | 2017-18 | 1400000 | ബഡ്സ് സ്കൂൾ നിർമ്മാണം രണ്ടാംഘട്ടം | 317157 | 1082843 |
| ജില്ലാ പഞ്ചായത്ത് | 2017-18 | 150000 | പാലിന് സബ്സിഡി | 150000 | 0 |

## 4-2 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയതുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ബാക്കിയുള്ള തുക |
|---|---|---|---|---|
| കെ.എസ്.ഇ.ബി | പാങ്ങോട് മാർക്കറ്റിലെ കംഫർട്ട് സ്റ്റേഷൻ വയറിംഗ് | 500000 | 500000 | 0 |
| കെ.എസ്.ഇ.ബി | പാങ്ങോട് മാർക്കറ്റിലെ കടമുറിയുടെ മീറ്റർ സ്ഥാപിക്കൽ | 223000 | 223000 | 0 |
| കേരള വാട്ടർ അതോറിറ്റി | വിവിധ വാർഡുകളിലെ പൈപ്പ് ലൈൻ നീട്ടൽ | 1076640 | 1076640 | 0 |
| കേരള വാട്ടർ അതോറിറ്റി | വിവിധ വാർഡുകളിലെ പൈപ്പ് ലൈൻ നീട്ടൽ - രണ്ടാംഘട്ടം | 1047616 | 1047616 | 0 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-4 വായ്പ / വായ്പ തിരിച്ചടവ്

2017-18 സാമ്പത്തിക വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ് ഭവനപദ്ധതി | 273/2010 തീയതി 27.01.2010 | 21694500 | 5720202 | 2169450 | 0 | 3550752 |
| ഇ.എം.എസ് ഭവനപദ്ധതി | 90/2013 തീയതി 14.03.2013 | 8525000 | 4622893 | 852500 | 0 | 3770393 |

## 4-5 സ്ഥിര നിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

| ക്രമ നം | റിപ്പോർട്ട് വർഷം | ഭാഗം / ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യാഗപ്പേരും | രസീത് നം / തീയതി |
|---|---|---|---|---|---|
| 1 | 2016-17 | | 1371 | രമ്യാസുധീർ, അസി.എഞ്ചിനീയർ | 117030100997 തീയതി 25.05.2018 |
| 2 | 2016-17 | 3.1 | 39316 | രമ്യാസുധീർ, അസി.എഞ്ചിനീയർ | 117030100997 തീയതി 25.05.2018 |
| 3 | 2016-17 | | 2740 | സെക്രട്ടറി (ജയകുമാർ ഐശ്വര്യ ഫിനാൻസ്) | 11730105102 തീയതി28.03.2018 |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ പ്രകാരമുള്ള സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശം

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2003-04 | 3.7എ. 3.7 ബി | 2016-19 (ലോക്കൽ ഫണ്ട് അക്കൗണ്ട് കമ്മിറ്റി) | 93 | വി.ഇ.ഒ മാരുടെ ചെലവ് | വി.ഇ.ഒ മാരെ സർവ്വീസിൽ നിന്നും പിരിച്ചുവിട്ടു റിക്കവറി നടപടി സ്വീകരിച്ചു. പരാമർശം നിലനിൽക്കുന്നു. |
| 2015-16 | 3.5 | 2016-17 | 4.6.6 | 10,31,763/- രൂപചെലവഴിച്ച് നിർമ്മിച്ച വനിതാപരിശീലന കേന്ദ്രം ഉപയോഗ്യമായില്ല | പരാമർശം നിലനിൽക്കുന്നു. മറുപടി സമർപ്പിച്ചിട്ടുണ്ട്. |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 11,76,21,689.00 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 10,70,05,872.00 |
| വരവിനങ്ങളിലുള്ള നഷ്ടം | -- |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 1,95,082.00 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 20,27,990.00 |

***(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം***

| ഖണ്ഡിക | തുക | ഉത്തരവാദിയായ ആളുടെ പേരും |
|---|---|---|

| നം | | ഉദ്യോഗപ്പേരും |
|---|---|---|
| 3-3 | 1,19,167/- | ശ്രീ.വി.ദിലീപ്, അസി.എഞ്ചിനീയർ |
| 3-4 | 49,235/- | ശ്രീ.വി.ദിലീപ്, അസി.എഞ്ചിനീയർ |
| 3-5 | 24,883/- | ശ്രീ.വി.ദിലീപ്, അസി.എഞ്ചിനീയർ |
| 3-6 | 1,797/- | ശ്രീ.വി.ദിലീപ്, അസി.എഞ്ചിനീയർ |

*(സി)ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക*

| ഖണ്ഡിക നം | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-10 | 20,23,940/- | 1555440 – ശ്രീ.എസ്. രാജസേനൻനായർ, സെക്രട്ടറി<br>408500 – ശ്രീ. സന്തോഷ് കുമാർ, സെക്രട്ടറി |
| 3-25 | 4,050/- | ശ്രീ. അബ്ദുൾ അസീസ്,ഹെഡ് മാസ്റ്റർ |

*(ഡി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം*

ഇല്ല

*(ഇ)നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ*

ഇല്ല

*(എഫ്) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ*

| ക്രമ നം. | പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|---|
| 1 | ശ്രീ.വി.ദിലീപ്, അസി.എഞ്ചിനീയർ | അസി.എഞ്ചിനീയർ, മല്ലപ്പള്ളി ബ്ലോക്ക് പഞ്ചായത്ത്, പത്തനംതിട്ട ജില്ല | കീർത്തനം, കരകുളം പി.ഒ, തിരുവനന്തപുരം |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെകത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം, ഖണ്ഡിക നമ്പർ | റിമാർക്സ് |
|---|---|---|---|
| 2000-01 | കെ.എസ്. എ.റ്റി.വി.എം.ജി.പി. 10/ 955/2018, 10.07.2018 | 4 | |

| | | | |
|---|---|---|---|
| 2001-02 | കെ.എസ്. എ.റ്റി.വി.എം.ജി.പി. 10/ 955/2018, 10.07.2018 | 1 | |
| 2002-03 | കെ.എസ്. എ.റ്റി.വി.എം.ജി.പി. 10/ 955/2018, 10.07.2018 | 1 | |
| 2003-04 | കെ.എസ്. എ.റ്റി.വി.എം.ജി.പി. 10/ 955/2018, 10.07.2018 | 1 | |
| 2004-05 | കെ.എസ്. എ.റ്റി.വി.എം.ജി.പി. 10/ 955/2018, 10.07.2018 | 2 | |
| 2005-06 | കെ.എസ്. എ.റ്റി.വി.എം.ജി.പി. 10/ 955/2018, 10.07.2018 | 5 | |
| 2006-07 | കെ.എസ്. എ.റ്റി.വി.എം.ജി.പി. 10/ 955/2018, 10.07.2018 | 7 | |
| 2007-08 | കെ.എസ്. എ.റ്റി.വി.എം.ജി.പി. 10/ 955/2018, 10.07.2018 | 4 | |
| 2008-09 | കെ.എസ്. എ.റ്റി.വി.എം.ജി.പി. 10/ 955/2018, 10.07.2018 | 6 | |
| 2009-10 | കെ.എസ്. എ.റ്റി.വി.എം.ജി.പി. 10/ 1194/2018, 21.06.2018 | 13 | |
| 2010-11 | കെ.എസ്. എ.റ്റി.വി.എം.ജി.പി. 10/ 955/2018, 10.07.2018 | 0 | |
| 2011-12 | കെ.എസ്. എ.റ്റി.വി.എം.ജി.പി. 10/ 955/2018, 10.07.2018 | 15 | |
| 2012-13 | കെ.എസ്. എ.റ്റി.വി.എം.ജി.പി. 10/ 955/2018, 10.07.2018 | 7 | |
| 2013-14 | കെ.എസ്. എ.റ്റി.വി.എം.ജി.പി. 10/ 955/2018, 10.07.2018 | 9 | |
| 2014-15 | കെ.എസ്. എ.റ്റി.വി.എം.ജി.പി. 10/ 955/2018, 10.07.2018 | 7 | |
| 2015-16 | KSA./TVM/GP10/2156/16 dtd: 15.12.16 | 5 | |
| 2016-17 | കെ.എസ് . എ.റ്റി .വി . എം.ജി.പി. 10/ 1894/2017 , തീയതി: 26.09.2017 | 20 | |

ഒപ്പ്

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ കാര്യാലയം, തിരുവനന്തപുരം.

*edited : BL*

# അനുബന്ധം 1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ വകുപ്പ് (4), 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ വകുപ്പ് 215 ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും തിരുവനന്തപുരം ജില്ലയിലെ പാങ്ങോട് ഗ്രാമപഞ്ചായത്തിന്റെ **2017-18** സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ പാങ്ങോട് ഗ്രാമപഞ്ചായത്തിന്റെ **2017-18-**ലെ വാർഷിക ധനകാര്യ പത്രിക വരവ്-ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നുവെന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഒപ്പ്

ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്.